# താമരമൊട്ടുകൾ

വാല്യം 26 | ഡിസംബർ 2024 | ലക്കം 12 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## December 2024

| | | |
|---|---|---|
| 02 | 09.00 | Thiruvambady |
| | 18.00 | Mukkam |
| 03 | 15.00 | Thiruvambady |
| | 17.00 | Vettilappara |
| 04 - 06 | | KCBC |
| 07 | 06.30 | Thiruvambady |
| | 10.00 | PMOC |
| | 11.00 | Areekode |
| | 15.00 | Koorachundu |
| | 18.00 | Thalayad |
| 08 | | Kariyathumpara |
| 09 | | Office Day |
| | 18.00 | Manjakunnu |
| 10 | 09.00 | Thamarassery |
| | 18.00 | Puthuppady |
| 11 | 18.00 | Chundathumpoyil |
| 12 | 06.45 | Karuvarakundu |
| | 18.00 | Kariyathumpara |
| 13 | 07.00 | PMOC |
| | 18.00 | Korangad |
| 14 | 06.30 | Erude |
| | 09.00 | Thamarassery |
| | 15.00 | Kunnamangalam |
| | 16.00 | PMOC |
| | 19.00 | Thamarassery |
| 15 | | Muthukad |
| 16 | | Office Day |
| 18 | 10.30 | Thamarassery |
| | 18.00 | Chippilithode |
| 19 | 10.00 | Thamarassery |
| | 18.30 | Chevarambalam |
| 20 | 06.30 | Poolakadavu |
| | | Office Day |
| | 19.30 | Thamarassery |
| 21 | 06.30 | Chevayoor |
| | 10.30 | Thamarassery |
| | 17.00 | Vellimadukunnu |
| 22 | | Valliyad |
| | 17.00 | Thamarassery |
| | 19.00 | Thamarassery |
| | 20.00 | Korangad |
| 23 | 06.30 | Thamarassery |
| 24 | 18.00 | Thamarassery |
| 25 | 00.00 | Cathedral |
| 26 | 09.15 | Kallanode |
| | 18.00 | Thamarassery |
| 27 | 09.15 | Kariyathumpara |
| 28 | 10.00 | Pala |
| 29 | 10.00 | Thamarassery |
| | 16.00 | Devagiri |
| 30 | 09.15 | Poozhithode |
| | 14.30 | Pushpagiri |
| 31 | 09.15 | Kannoth |

വാല്യം 26 താമരമൊട്ടുകൾ ഡിസംബർ 2024 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി"

(ലൂക്കാ 1:28)

# ജൂബിലി നിറവിൽ



ഫാ. മാത്യു പുള്ളോലിക്കൽ
18.12.1974



ഫാ. ജോസഫ് തുരുത്തിയിൽ
01.01.2000



ഫാ. ജോൺസൺ നന്ദളത്ത്
01.01.2000



ഫാ. ജോസ് കരോട്ടുകുഴുന്നാലിൽ
01.01.2000



ഫാ. മാത്യു നിരപ്പേൽ
01.01.2000

## എഫ്. സി. സി., താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ പുതിയ ടീമംഗങ്ങൾക്ക്



## താമരശ്ശേരി രൂപതയുടെ

## അഭിനന്ദനങ്ങൾ... ആശംസകൾ...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 855 |
| 2. | പ്രോഗ്രാം ഡിസംബർ 2024 | 856 |
| 3. | സർക്കുലർ 13/2024 | 857 |
| 4. | സർക്കുലർ | 861 |
| 5. | സർക്കുലർ | 864 |
| 6. | കച്ചേരിക്കാര്യം | 869 |
| 7. | റൂബിജൂബിലി | 873 |
| 8. | വിശ്വാസപരിശീലനം | 875 |
| 9. | ലിറ്റർജി കമ്മീഷൻ | 880 |
| 10. | വൊക്കേഷൻ ബ്യൂറോ | 882 |
| 11. | മദ്ബഹ ശുശ്രൂഷ സംഘം | 882 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 884 |
| 13. | വിദ്യാഭ്യാസരംഗം | 887 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 889 |
| 15. | ഫാമിലി അപ്പോസ്തോലേറ്റ് | 891 |
| 16. | കരുണാഭവൻ | 892 |
| 17. | കെസിവൈഎം-എസ്എംവൈഎം | 892 |
| 18. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 895 |
| 19. | ഇൻഫാം | 896 |
| 20. | യൂദിത്ത് ഫോറം | 896 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 898 |
| 22. | ക്രിസ്റ്റീൻ മിനിസ്ട്രി | 899 |
| 23. | ബഥാനിയ ധ്യാനകേന്ദ്രം | 900 |
| 24. | വികസനവേദി | 902 |
| 25. | യേശുനിധി | 905 |
| 26. | അജപാലനക്കുറിപ്പുകൾ | 906 |
| 27. | വിഷയവിവരം | 911 |

# BIRTH DAY Greetings

Rev. Fathers

| | | | |
|---|---|---|---|
| | Mukaleparambil Joseph | December | 1 |
| | Kiliyananickal James | | 1 |
| | Kochukaipayil Thomas | | 1 |
| | Karakatt Sebastian | | 2 |
| | Vallopilly Abraham | | 3 |
| | Thekkekkaramattathil Mathew | | 4 |
| | Palakeel Kuriakose | | 8 |
| | Chennamkulath Benedict | | 10 |
| | Ponganpara Cheriyan | | 11 |
| | Pennaparambil Jose | | 12 |
| His Grace | Mar Jacob Thoomkuzhy | | 13 |
| | Kalapurackal George | | 15 |
| | Muthalakuzhiyil Joseph | | 18 |
| | Vellackakudiyil George | | 18 |
| | Vettukallel Joseph | | 18 |
| | Varikkassery George | | 21 |
| | Thannickal Kurian | | 23 |
| | Palathumthalakal Augustine | | 25 |
| | Kottackal Mathew | | 26 |
| | Nagaparambil Thomas | | 27 |
| | Pulinchuvattil Abraham | | 28 |
| | Kizhukkarakattu Danties | | 29 |
| | Chirathalackal Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kalariparambil John | December | 27 |
| Moolayil John | | 27 |
| Oravankara John | | 27 |
| Pallickavayalil John | | 27 |
| Pazhukunnel Johnson | | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഡിസംബർ 2024

| | | |
|---|---|---|
| 01 | ഞായർ | ഇരുപത്തഞ്ച് നോമ്പാരംഭം |
| 03 | ചൊവ്വ | **വി. ഫ്രാൻസീസ് സേവ്യർ** |
| 06 | വെള്ളി | ചരമദിനം: മോൺ. ആന്റണി കൊഴുവനാൽ (2023) |
| 07 | ശനി | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ** |
| 14 | ശനി | കുരിശിന്റെ വി. യോഹന്നാൻ |
| 18 | ബുധൻ | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| 24 | ചൊവ്വ | ചരമദിനം: ഫാ. ജോർജ്ജ് തടത്തിൽ (1998) |
| 25 | ബുധൻ | **ക്രിസ്തുമസ്** |
| 26 | വ്യാഴം | വി. എസ്തപ്പാനോസ് |
| 27 | വെള്ളി | വി. യോഹന്നാൻ ശ്ലീഹാ |
| 28 | ശനി | കുഞ്ഞിപ്പൈതങ്ങൾ |
| 29 | തിങ്കൾ | തിരുക്കുടുംബ തിരുനാൾ |
| | | ചരമദിനം: ഫാ. ജോസഫ് കാളക്കുഴി (2018) |
| 31 | ചൊവ്വ | വർഷാവസാനം |

*സർക്കുലർ 13/2024*

# ക്രിസ്തുമസ്

*മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സലകുഞ്ഞുങ്ങളേ,*

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ നിറഞ്ഞവർക്ക് സമാധാനം" (ലൂക്കാ 2,14): സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങളും ദൈവാനുഗ്രഹവും ഏവർക്കും സ്നേഹപൂർവം ആശംസിക്കുന്നു!

സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായി ഒരിക്കൽക്കൂടി മംഗളവാർത്തക്കാലം ആഗതമായി. സുപ്രധാനമായ ചില അനുസ്മരണങ്ങളിലൂടെയാണ് ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം കടന്നുപോകുന്നത്. മാർപാപ്പ പ്രഖ്യാപിച്ച സാധാരണ ജൂബിലിവർഷത്തിലേക്ക് തിരുപ്പിറവിയുടെ ആചരണത്തോടെ സഭ പ്രവേശിക്കുന്നു. അതോടൊപ്പം, മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയും താമരശേരി രൂപത സ്ഥാപിതമായതിന്റെ നാല്പതാം വാർഷികവും (റൂബി ജൂബിലി) ആരംഭിക്കുന്നു. ആഗോളസഭയിലും മലബാർ കുടിയേറ്റചരിത്രത്തിലും പ്രത്യേകിച്ച് നമ്മുടെ രൂപതയിലും ഇന്നുവരെ ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയർപ്പിക്കാൻ ഈ മംഗളവാർത്തക്കാലം നമ്മോട് ആഹ്വാനം ചെയ്യുന്നു.

സ്വർഗ്ഗത്തോളം വലിയവൻ ഭൂമിയോളം ചെറുതായതിന്റെ ആഘോഷമാണ് തിരുപ്പിറവി. വി. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു, ''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെ ത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" (ഫിലി 2, 6-7). സഭാപിതാവായ വി. അത്തനേഷ്യസിന്റെ അഭിപ്രായത്തിൽ, "മനുഷ്യനെ ദൈവത്തോളം ഉയർത്തുന്നതിന് വേണ്ടിയാണ് ദൈവം മനുഷ്യനായി മാറിയത്". ഈശോയുടെ ജനനം, അനുദിനജീവിതത്തിൽ എളിമയെന്ന പുണ്യം അനുവർത്തിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. ദൈവികപദ്ധതിക്ക് സ്വയം സമർപ്പിച്ച്, ജീവിതത്തെക്കുറിച്ച് തങ്ങൾക്കുണ്ടായിരുന്ന സ്വപ്നങ്ങളെ പൂർണമായും മാറ്റിയെഴുതുന്ന പരിശുദ്ധ അമ്മയും, വി. യൗസേപ്പിതാവും; ലോകരക്ഷകനെ ഏറ്റുപറഞ്ഞ് തങ്ങളുടെ രാജത്വം അവന്റെ കാൽക്കൽ സമ്മാനമായി സമർപ്പിക്കുന്ന പൂജരാജാക്കന്മാരും സകലർക്കും ഒരുക്കിയ രക്ഷ ദർശിക്കാനെത്തുന്ന സാധാരണക്കാരായ ആട്ടിടയന്മാരും എളിമയുടെ പാഠങ്ങൾ നമുക്ക് നൽകുന്നു.

സ്വയം ശൂന്യവത്കരിച്ച് നമ്മുടെ നിസ്സാരതയെ സ്വീകരിച്ച ദൈവത്തെ അനുകരിക്കാനുള്ള ക്ഷണമാണ് ക്രിസ്തുമസ്. നമ്മുടെ ഇഷ്ടങ്ങളെയും താല്പര്യങ്ങളെയും മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി ത്യജിക്കാൻ തയാറാകുമ്പോൾ സ്വർഗ്ഗം ഭൂമിയെ ആശ്ലേഷിക്കുന്ന ക്രിസ്തുമസ്-അനുഭവം സ്വന്തമാക്കാനാകും. നമ്മുടെ കുടുംബത്തിലും, വ്യക്തി ബന്ധങ്ങളിലും, തൊഴിൽമേഖലയിലും വിനയത്തോടും ഹൃദയലാളിത്യത്തോടുംകൂടി ഇടപെടാനുള്ള മനസ് സ്വന്തമാക്കിയാൽ നമ്മുടെ ജീവിതത്തിലും ക്രിസ്തു പിറക്കും.

എളിമപ്പെടലിന്റെ ഉദാത്തമായ മാതൃക വേദപാരംഗതയായ വി. കൊച്ചുത്രേസ്യായിലും നിറഞ്ഞുനിന്നിരുന്നു. ആരാലും അറിയപ്പെടാതെ ഈശോയെ മാത്രം സ്നേഹിച്ച് ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽ തന്റെ ജീവിതം വിനിയോഗിക്കാനാണ് വിശുദ്ധ ഇഷ്ടപ്പെട്ടത്. ആശ്രമത്തിൽ ചിലവഴിച്ച ഒൻപത് വർഷത്തെ സന്യാസജീവിതത്തിൽ, ദൈവത്തെയും ദൈവികപദ്ധതിയെയും വാഴ്ത്തിക്കൊണ്ട് ചെറിയ കുറിപ്പുകളും പദ്യങ്ങളും ഇടവേളകളിൽ അവൾ തയാറാക്കിയിരുന്നു. വിശുദ്ധയുടെ മരണശേഷം അവ പ്രകാശനം ചെയ്യപ്പെടുകയും അങ്ങനെ, അവളുടെ വിശുദ്ധിയുടെ പ്രസരണങ്ങൾ ലോകമെങ്ങും പ്രചരിക്കുകയും ചെയ്തു. വചനം മാംസമായി അവതരിച്ച ദൈവസ്നേഹത്തിന്റെ (യോഹ 1,14) നൂതനവഴികളാണ് വേദപാരംഗതയായ വി. കൊച്ചുത്രേസ്യാ സ്വന്തം ജീവിതത്തിലൂടെയും ചിന്തകളിലൂടെയും ലോകത്തിന് പരിചയപ്പെടുത്തിയത്. പുൽക്കൂട്ടിലെ ഉണ്ണിയേശുവിനെ ആരാധിക്കാൻ ആഗ്രഹിച്ചുകൊണ്ട്, വി. കൊച്ചുത്രേസ്യാ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ നിരന്തരം ധ്യാനിച്ചിരുന്നു. മരിക്കാൻ അവൾ അതിയായി ആഗ്രഹിച്ചതും ദൈവം സ്വയംചെറുതാകാൻ അഭിലഷിച്ച മംഗളവാർത്തദിനത്തിലായിരുന്നു. വി. കൊച്ചുത്രേസ്യായെപ്പോലെ എളിമപ്പെടാൻ തയാറാകുന്നവർക്കേ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞു പുൽക്കൂട്ടിൽ കിടക്കുന്ന ദൈവകുമാരനെ (ലൂക്കാ 2,12) ദർശിക്കാൻ സാധിക്കൂ.

സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെയാണ് നാം കടന്നുപോകുന്നത്. മൂന്നാം ലോകമഹായുദ്ധത്തിന്റെ കാഹളധ്വനി അന്തരീക്ഷത്തിൽ അലയടിക്കുന്നു. കുടിയേറ്റകാലത്ത് നാം പണംകൊടുത്തു വാങ്ങിയ പ്രദേശങ്ങൾ, ഇന്ന് അവകാശവാദമുന്നയിച്ചുകൊണ്ട് നിക്ഷിപ്തതാല്പര്യക്കാർ കടന്നുവരുന്നത് നമ്മെ അരക്ഷിതരാക്കുന്നു. കാർഷികമേഖലയിലെ വെല്ലുവിളിയും വിലത്തകർച്ചയും, വന്യജീവിയാക്രമണവും, കാലാവസ്ഥാവ്യതിയാനവും, വർദ്ധിച്ചുവരുന്ന വിദേശകുടിയേറ്റവും നമ്മുടെ ആശങ്കകളാണ്. നിരവധിയായ ഇത്തരം പ്രതിസന്ധികളുടെ മധ്യത്തിലും ദൈവം നമ്മോടൊപ്പമുണ്ടെന്നുള്ള അനുഭവമാണ് ക്രിസ്തുമസ്. ഏശയ്യായുടെ ഈ പ്രവചനങ്ങൾ പ്രത്യാശയുടെ ദർശനങ്ങൾ നമ്മളുമായി പങ്കുവയ്ക്കുന്നു:

“ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും” (41,11); “നിങ്ങൾ തിടുക്കം കൂട്ടേണ്ട; വേഗം ഓടുകയും വേണ്ട. കർത്താവ് നിങ്ങളുടെ മുൻപിൽ നടക്കും. ഇസ്രായേലിന്റെ ദൈവമായിരിക്കും നിങ്ങളുടെ പിൻകാവൽക്കാരൻ” (52,12). പ്രതിസന്ധികളിൽ ദൈവം നമ്മോടൊപ്പമുണ്ട് എന്ന സമാശ്വാസം പിറവിത്തിരുന്നാളിന്റെ സമ്മാനമാണ്. “ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോട് കൂടെ” (ലൂക്കാ 1,28) എന്ന ദൈവദൂതന്റെ അഭിസംബോധനയിലൂടെ ദൈവം നമ്മോടൊപ്പം വസിക്കുന്നുവെന്ന ഉറപ്പ് പരി. കന്യകാമറിയത്തിനും, അവളിലൂടെ ലോകം മുഴുവനും ലഭിക്കുന്നു. സൃഷ്ടികർമ്മം പൂർത്തിയാക്കി മറഞ്ഞിരുന്ന് ലോകത്തെ വീക്ഷിക്കുന്ന ഒരു ദൈവത്തെയല്ല, ഇരുളിലും പകലിലും വഴിനടത്തുന്ന ദൈവത്തെയാണ് വി. ഗ്രന്ഥം മിശിഹായുടെ മനുഷ്യാവ താരത്തിലൂടെ നമുക്ക് പരിചയപ്പെടുത്തുന്നത്. “ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും” (മത്താ 1,23): ഈ അരുളപ്പാട്, ഇന്നത്തെ വെല്ലുവിളികളിൽ, താങ്ങായും തണലായും നമ്മോടൊപ്പം സഞ്ചരിക്കുന്ന ദൈവത്തെ കണ്ടുമുട്ടാനുള്ള അവസരം ക്രിസ്തുമസ് കാലത്ത് നമുക്ക് നൽകുന്നു.

2025 ൽ ഈശോയുടെ മനുഷ്യാവതാരത്തിന്റെ സാധാരണ ജൂബിലിയാഘോഷിക്കാൻ ഫ്രാൻസിസ് മാർപാപ്പ നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്. ‘പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല’ (റോമ 5, 5) എന്ന ജൂബിലിയുടെ അപ്പസ്തോലിക പ്രബോധനത്തിൽ പരിശുദ്ധപിതാവ് എഴുതുന്നു, “നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രത്യാശയുടെ സ്പഷ്ടമായ അടയാളങ്ങൾ നൽകാനായി ഈ വിശുദ്ധവർഷത്തിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു”. ദുരിതമനുഭവിക്കുന്നവർക്കും രോഗി കൾക്കും ഒറ്റപ്പെടലിന്റെ വേദനയനുഭവിക്കുന്ന വയോധികർക്കും തൊഴിലില്ലായ്മ മൂലം ക്ലേശമനുഭവിക്കുന്ന യുവജനങ്ങൾക്കും പ്രവാസികൾക്കും മറ്റ് പരിമിതികൾ അനുഭവിക്കുന്നവർക്കും പ്രത്യാശയുടെ സാന്നിധ്യവും സാമീപ്യവുമാകാൻ ആഗമനകാലത്തെ പുണ്യദിനങ്ങളിൽ സാധിക്കട്ടെയെന്ന് മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

തികഞ്ഞ ആത്മീയ ഒരുക്കത്തോടെയാണ് പ്രത്യാശയുടെയും എളിമയുടെയും സുവിശേഷമായ ക്രിസ്തുമസിനെ നാം സമീപിക്കേണ്ടത്. മംഗളവാർത്തക്കാലത്ത് കുട്ടികളോടൊപ്പം മുതിർന്നവരും വി. കുർബാനയിൽ മുടങ്ങാതെ പങ്കെടുക്കുന്നതും, കുമ്പസാരിച്ചൊരുങ്ങി വി. കുർബാന സ്വീകരിക്കുന്നതും, നോമ്പുകാല ചൈതന്യത്തിൽ മത്സ്യമാംസാദികൾ വർജ്ജിക്കുന്നതും അതുപോലെ, ആഡംബരങ്ങൾ ഒഴിവാക്കുന്നതും ഉണ്ണീശോയെ സ്വീകരിക്കുന്നതിനുള്ള അനുയോജ്യമായ ഒരുക്കമാണെന്ന് സ്നേഹത്തോടെ നിങ്ങളെ ഓർമിപ്പിക്കുന്നു.


കൂട്ടായ്മകൾ ശക്തിപ്പെടുത്താനുള്ള അവസരവുമാണ് ക്രിസ്തുമസ് കാലഘട്ടം. ക്രിസ്തീയകൂട്ടായ്മയിൽ ശക്തമായി നിലനിൽക്കേണ്ടതിന്റെ ആവശ്യകത സമകാലികസാഹചര്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ക്രിസ്തീയകൂട്ടായ്മയേയും സാഹോദര്യത്തെയും നശിപ്പിക്കുന്ന എല്ലാ പ്രവണതകളിൽനിന്നും നാം പൂർണമായും മാറിനിൽക്കണം. വി. ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു, “ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കാം. രണ്ടുപേരാണെങ്കിൽ ചെറുക്കാൻ കഴിയും; മുപ്പിരിച്ചരട് വേഗം പൊട്ടുകയില്ല” (സഭാ 4,12); “സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ” (എഫേ 4,3). പ്രസ്തുത തിരുവചനങ്ങൾ, ഒരുമിച്ച് നിൽക്കാനും ക്രിസ്തീയ സാഹോദര്യത്തിലും ഐക്യത്തിലും ശക്തിപ്പെടാനും ഒന്നിച്ചു വളരാനും നമുക്ക് പ്രചോദനമാകണം.

സവിശേഷമായ ഭൗതിക ഒരുക്കങ്ങളും ക്രിസ്തുമസ് കാലത്ത് പ്രധാനപ്പെട്ടതാണ്. ഭവനത്തിലും സ്ഥാപനങ്ങളിലും പുൽക്കൂട് ഒരുക്കുന്നതും നക്ഷത്രംകൊണ്ട് അലങ്കരിക്കുന്നതും മറ്റ് ദീപാലങ്കാരങ്ങൾ ചാർത്തുന്നതും തിരുപ്പിറവിയുടെ കാലഘട്ടം ആഹ്ലാദത്തിന്റെയും പ്രഘോഷണത്തിന്റെയും കൂട്ടായ്മയുടെയും പ്രത്യാശയുടെയും അനുഭവമാക്കാൻ നമ്മെ സഹായിക്കും.

ക്രിസ്തു പിറവിയെടുത്ത പുൽക്കൂട്ടിലേക്കുള്ള ആത്മീയയാത്ര ഈ മംഗളവാർത്തക്കാലത്തിന്റെ ആദ്യദിനം മുതൽ നാം ആരംഭിക്കുകയാണ്. ദൈവപുത്രൻ പകർന്നുതന്ന പ്രത്യാശ, ആട്ടിടയന്മാരും പൂജരാജാക്കന്മാരും കരഗതമാക്കിയതുപോലെ സ്വന്തമാക്കാനും, പുൽക്കൂടിനെ പുണർന്ന ലാളിത്യത്തിന്റെയും വിനയത്തിന്റെയും പരിമളം, നമ്മുടെ കുടുംബങ്ങളെയും കൂട്ടായ്മകളെയും ആശ്ലേഷിക്കാനും ഇടവരട്ടെ എന്ന് പ്രാർഥിക്കുന്നു!

പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും പ്രത്യേക മാധ്യസ്ഥ്യവും ഉണ്ണീശോയുടെ അനുഗ്രഹവും എല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ. ഒരിക്കൽ കൂടി ഏവർക്കുംക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

സ്നേഹപൂർവം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2024 ഡിസംബർ 1 ഞായറാഴ്ച ദിവ്യബലിമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*പ്രിയമുള്ളവരേ,*

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോളസഭ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസം മുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22 "ബൈബിൾ ഞായറായും" ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ഒരുങ്ങുകയാണ്. കേരളസഭ മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5,5ൽ നിന്നുള്ള "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" *'spes non confudit'* എന്ന തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്ര വിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാമെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ 'കവാടമായ' (cf യോഹ 10,7-9) യേശുക്രിസ്തുവുമായുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന "പ്രത്യാശ" നമ്മെ വഴിനടത്തുന്നു. ഈ "പ്രത്യാശ" ക്രിസ്തുവാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ" (സങ്കീ. 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാസിക്കും പ്രതീക്ഷയുടെ വെളിച്ചമാകട്ടെ. ആരെയും നിരാശപ്പെടുത്താത്ത നമ്മുടെ പ്രത്യാ

ശയായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ദൈവവചനത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണമാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവിക്കായി ദൈവവചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന പാരായണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

## കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പസ്തോലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തി പകർന്ന് ഒരു ശരീരമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തിലേക്ക് കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25-ാമത് ലോഗോസ് ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ്മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന് വിജയമാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ്ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

*2024 ഡിസംബർ 22-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# സർക്കുലർ - സീറോമലബാർ പ്രേഷിതവാരാചരണം 2025

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.*

*മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,*

2025 ജനുവരി 6 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സീറോമലബാർസഭയിൽ പ്രേഷിത വാരം ആചരിക്കുകയാണല്ലോ. നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പരിചയപ്പെടുന്നതിനും പ്രേഷിതരെ നന്ദിയോടെ ഓർക്കുന്നതിനും പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കുംവേണ്ടി പ്രാർഥിക്കുന്നതിനുംവേണ്ടിയാണ് ഈ പ്രേഷിതവാരം വർഷങ്ങളായി നമ്മൾ ആചരിച്ചുവരുന്നത്.

മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതയും പ്രേഷിതനുമാണ്. ഈശോയാണ് ഈ പ്രേഷിതാത്മകതയുടെ ശ്രോതസ്സ്. ഈശോയുടെ മൗതികശരീരമായ തിരുസഭ, അവിടത്തെ ദൗത്യമാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഈശോ ശിഷ്യന്മാരോടു കല്പിച്ച കാര്യങ്ങൾ - പോവുക, സുവിശേഷംപ്രസംഗിക്കുക, ശിഷ്യപ്പെടുത്തുക, സ്നാനപ്പെടുത്തുക, പഠിപ്പിക്കുക, കൂദാശകളിലൂടെ വിശുദ്ധീകരിക്കുക, നയിക്കുക, നന്മചെയ്തു ചുറ്റിസഞ്ചരിക്കുക, പ്രാർഥനയിൽ ദൈവൈക്യപ്പെടുക, ഐക്യത്തിൽ സമൂഹമായിരിക്കുക - എന്നിവ ചെയ്യുമ്പോൾ നമ്മൾ പ്രേഷിത പ്രവർത്തനമാണു നടത്തുന്നത്.

വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു (1:1). താൻ കണ്ടതും കേട്ടതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെയാണു നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ നമ്മോടു പ്രഘോഷിച്ചതും നമുക്കു പകർന്നുതന്നതും. ആകയാൽ, പ്രേഷിതചൈതന്യം സ്വന്തമാക്കാൻ നാം

ആദ്യം ചെയ്യേണ്ടത് ഈശോയെ വ്യക്തിപരമായി കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ദൈവാനുഭവമുള്ള വ്യക്തി തന്റെ സഹോദരങ്ങളിൽ ദൈവത്തെ നിശ്ചയമായും കണ്ടെത്തുന്നു. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഇഴയടുപ്പം യോഹന്നാൻ ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല (1 യോഹ. 4:20). ദൈവവചനത്തിലൂടെയും പ്രാർഥനയിലൂടെയും കൂദാശകളിലൂടെയും ദൈവവുമായുള്ള ഐക്യം പ്രാപിക്കുന്നതിന്റെ പ്രകാശനവും പ്രതിഫലനവുമായിരിക്കണം നമ്മുടെ ശുശ്രൂഷാമേഖലകൾ. ഈശോയുടെ മുഖം അപരനിൽ കണ്ടുമുട്ടുന്ന സാഹചര്യങ്ങളും സാദ്ധ്യതകളുമാണ് നമ്മുടെ സ്ഥാപനങ്ങൾ. സീറോമലബാർസഭയിൽ നമുക്കു ധാരാളം സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കേന്ദ്രങ്ങളായി മാറുമ്പോഴാണ് അവ മറ്റുള്ളവർക്ക് സുവിശേഷമായി മാറുന്നത്. ഈ മേഖലയിൽ ഫലപ്രദമായ സാക്ഷ്യംനല്കാൻ നമുക്ക് സാധിക്കുന്നുണ്ടോയെന്നത് ആത്മപരിശോധനയുടെ വിഷയമാണ്.

പ്രേഷിതപ്രവർത്തനം ആരുടെ ഉത്തരവാദിത്വമാണ് എന്നത് ഗൗരവകരമായ വിശകലനം ആവശ്യമുള്ള ചോദ്യമാണ്. ശുശ്രൂഷാപൗരോഹിത്യം പ്രത്യേകമായി സ്വീകരിച്ചിരിക്കുന്ന മെത്രാന്മാരും വൈദികരും ഡീക്കന്മാരും, പൊതുപൗരോഹിത്യം മാമ്മോദീസായിലൂടെ സ്വീകരിച്ചിരിക്കുന്ന സമർപ്പിതരും അല്മായരും ഒന്നിച്ച് പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരാകണമെന്നതാണു തിരുസഭ ആഗ്രഹിക്കുന്നത്. പ്രേഷിതവേല വൈദികർക്കും സമർപ്പിതർക്കുംവേണ്ടി മാത്രമുള്ളതല്ല, മാമ്മോദീസ സ്വീകരിച്ച എല്ലാവരും സ്വീകരിക്കേണ്ട ജീവിതദൗത്യമാണത്.

വൈദികരും സമർപ്പിതരും പ്രേഷിതവേലക്കായി സമയം പൂർണമായും മാറ്റിവക്കുമ്പോൾ അല്മായർക്ക് എപ്രകാരമാണ് ഈ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകാൻ സാധിക്കുന്നത് എന്ന് 2024 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിചിന്തനംചെയ്യുകയുണ്ടായി. പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കുംവേണ്ടി നിരന്തരം പ്രാർഥിക്കാനും പ്രായശ്ചിത്തപ്രവൃത്തികൾ കാഴ്ചവയ്ക്കാനും അല്മായർക്കും സാധിക്കുമെന്നതു വലിയ പ്രേഷിതപ്രവർത്തനമായി അസംബ്ലി എടു

ത്തുപറയുകയുണ്ടായി. നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ നിസ്വാർഥമായ പ്രേഷിത ഇടപെടലുകൾ ആവശ്യപ്പെടുന്നുണ്ട്. ഇവയ്ക്കായി സമയവും സമ്പത്തും മാറ്റിവയ്ക്കാൻ തങ്ങളുടെ ജീവിതാവസ്ഥയിൽനിന്നുകൊണ്ട് അല്മായർക്കും സാധിക്കുന്നതാണ്. നമ്മുടെ സഭ പ്രവാസികളുടെ സഭയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിവിധ ജോലികൾക്കായി സ്വന്തം ജന്മദേശം വിട്ട് സ്വദേശത്തെ മറ്റു സ്ഥലങ്ങളിലും വിദേശങ്ങളിലും പോകുന്നവർ ഒരു പ്രേഷിതസമൂഹമായി പരിണമിക്കേണ്ടിയിരിക്കുന്നു. പ്രവാസ ലോകത്തുള്ള നമ്മുടെ സഭാംഗങ്ങളുടെ വിശ്വാസജീവിതംതന്നെ വലിയ ഒരു പ്രേഷിതസാക്ഷ്യമാണ്. ക്രൈസ്തവമൂല്യങ്ങൾ മുറുകെപിടിക്കുന്ന കുടുംബ ജീവിതവും തങ്ങൾ ആയിരിക്കുന്ന സ്ഥലത്തുള്ള ഇടവകാജീവിതവും പ്രവാസികളുടെ പ്രേഷിതസാക്ഷ്യത്തിന്റെ അടിസ്ഥാനപരമായ ആദ്യപടിയാണ്. തങ്ങളായിരിക്കുന്നയിടങ്ങളിൽ സുവിശേഷത്തിന്റെ പ്രേഷിതരാകാൻ എല്ലാ പ്രവാസിമക്കളോടും ഈ സന്ദർഭത്തിൽ ഞാൻ ആഹ്വാനം ചെയ്യുന്നു.

സീറോമലബാർസഭയുടെ എല്ലാ മിഷൻരൂപതകളും പ്രത്യേകമായ വിധത്തിൽ നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനമേഖലകളാണ്. ഇവിടങ്ങളിലെല്ലാം വിദ്യാഭ്യാസം, ആതുരസേവനം, സമൂഹ്യസേവനം എന്നീ മേഖലകളിൽ വലിയ സേവനസാധ്യതകളാണ് നിലനില്ക്കുന്നത്. ഈ പ്രദേശങ്ങളിലേക്ക് അധ്യാപകരായും നേഴ്സുമാരായും ഡോക്ടർമാരായും മറ്റ് ആരോഗ്യ പ്രവർത്തകരായും സാമൂഹ്യപ്രവർത്തകരായും കടന്നുചെല്ലാൻ അല്മായർക്കും സാധിക്കും. ഈ സാധ്യത സീറോമലബാർസഭയിലെ അല്മായരും മിഷൻ രൂപതകളും വേണ്ടവിധം പ്രയോജനപ്പെടുത്തണം.

പ്രേഷിതപ്രവർത്തനങ്ങളുടെ അടിസ്ഥാനം ഈശോയുടെ സുവിശേഷമാണ്. അതിനാൽ സുവിശേഷം പ്രസംഗിക്കുക എന്ന അടിസ്ഥാനപരമായ ദൗത്യം നിർവഹിക്കാതെ പ്രേഷിതപ്രവർത്തനം പൂർണമാകുകയില്ല. എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാനുള്ള ഈശോയുടെ കല്പന സമകാലിക സമൂഹത്തിൽ നിർവഹിക്കാനുള്ള നൂതനമായ മാർഗമാണ് മാധ്യമങ്ങളും നവസാമൂഹ്യമാധ്യമങ്ങളും. സോഷ്യൽ മീഡിയയിൽ വളരെയേറെ സമയം ചിലവഴിക്കുന്നവർക്ക്, അവയുടെ ഉപയോഗത്തിൽ കൂടുതൽ വൈദഗ്ധ്യം ഉള്ളവർക്ക്, കൂടുതൽ ഫലപ്രദമായി സുവിശേഷം പങ്കുവയ്ക്കാൻ സാധിക്കും. ഈ മേഖലയിൽ പ്രാവീണ്യമുള്ള എല്ലാവരോടും പ്രത്യേകിച്ച് പ്രിയപ്പെട്ട യുവജനങ്ങളോടും സാമൂഹ്യമാധ്യമങ്ങളിൽ ഈശോയുടെ പ്രേഷി

തരാകാൻ സ്നേഹത്തോടെ ആഹ്വാനംചെയ്യുന്നു. മാധ്യമങ്ങളിലൂടെയും നവ സാമൂഹ്യമാധ്യമങ്ങളിലൂടെയും സുവിശേഷം വിവിധ രീതികളിൽ പ്രഘോഷിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷം പ്രത്യേക ജൂബിലിയായി ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ പരിശുദ്ധ പിതാവ്  ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ നമുക്കും പ്രത്യാശയുടെ തീർഥാടകരായ പ്രേഷിതരാകാം. ഫ്രാൻസിസ് മാർപാപ്പ ഈ വർഷത്തെ തന്റെ ആഗോളപ്രേഷിതദിനസന്ദേശത്തിൽ എഴുതിയതു നമ്മുടെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. കർത്താവു സ്വർഗത്തിൽ നമുക്കായി തയ്യാറാക്കിയിരിക്കുന്ന വിരുന്നിലേക്കു നമ്മുടെ സഹോദരിസഹോദരന്മാരെ ക്ഷണിക്കുന്ന പ്രേഷിതരാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. തന്റെ വിരുന്നിന് ആദ്യം ക്ഷണിക്കപ്പെട്ടവർ വരാതിരുന്നപ്പോൾ തെരുവിൽ കാണുന്ന എല്ലാവരെയും ക്ഷണിക്കാൻ ആളെ അയച്ചവനാണ് നമ്മുടെ ദൈവം. അർഹതയുണ്ട് എന്നു സ്വയം കരുതുന്നവർ അർഹിക്കുന്ന ക്ഷണം നിഷേധിക്കുമ്പോൾ, അർഹതയില്ല എന്നു കരുതിയിരുന്നവർ ക്ഷണിക്കപ്പെടുകയാണ്. പ്രത്യാശയുടെ സുവിശേഷമായ ദൈവികവിരുന്നിലേക്കുള്ള ക്ഷണക്കത്ത് നമുക്കു ചുറ്റുമുള്ള പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് എത്തിച്ചുനല്കാൻ ഈ പ്രേഷിതവാരാചരണത്തിലൂടെ  സാധിക്കട്ടെ.

സീറോമലബാർസഭ പ്രേഷിതവാരം ആഘോഷിക്കുന്ന ഈ അവസരത്തിൽ  ഭാരതത്തിലും വിദേശങ്ങളിലും പ്രേഷിതരംഗത്തു ശുശ്രൂഷചെയ്യുന്ന എല്ലാ സഭാമക്കളെയും നന്ദിയോടെ ഓർക്കുകയും അവർക്കു ദൈവികസംരക്ഷണമുണ്ടാകാൻ പ്രാർഥിക്കുകയുംചെയ്യാം. പ്രേഷിതമേഖലകളിൽ തീക്ഷ്ണതയോടെ വ്യാപരിക്കുന്ന രൂപതകളെയും വൈദികരെയും സമർപ്പിതരെയും പ്രത്യേകിച്ച് അല്മായനേതൃത്വത്തിൽ പ്രേഷിതപ്രവർത്തനംനടത്തുന്ന വിവിധ ഗ്രൂപ്പുകളെയും പ്രത്യേകമായി നമുക്കനുസ്മരിക്കാം.

ഈ വർഷത്തെ പ്രേഷിതവാരാചരണം ഫലപ്രദമായി നടത്താൻ നമ്മുടെ സഭയിലെ എല്ലാ രൂപതകളും സംഘടനകളും സംവിധാനങ്ങളും പ്രത്യേകമായി താത്പര്യമെടുക്കണമെന്നു ഞാനാഗ്രഹിക്കുന്നു. യുവജനങ്ങളും സൺഡേസ്കൂൾ കുട്ടികളുമുൾപ്പെടെ എല്ലാവരിലേക്കും മിഷൻചൈതന്യം പകർന്നുനല്കാൻ പര്യാപ്തമായ ആഘോഷപരിപാടികൾ എല്ലായിടവകകളിലും സംഘടിപ്പിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻ

പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻകാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോടു മുൻവർഷങ്ങളിലെന്നതുപോലെ ഉദാരമായി സഹകരിക്കണമെന്നും എല്ലാവരോടും അഭ്യർഥിക്കുന്നു.

എല്ലാവർക്കും പുതുവർഷത്തിൽ സന്തോഷവും സമാധാനവും സ്നേഹപൂർവം ആശംസിക്കുന്നു.

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024 നവംബർ 25-ാം തിയതി നല്കപ്പെട്ടത്.*

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

1. *ഈ സർക്കുലർ 2024 ഡിസംബർ 29-ാം തിയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.*
2. *പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2025 ഫെബ്രുവരി 20നു മുമ്പായി എത്തിക്കേണ്ടതാണ്.*



# കച്ചേരിക്കാര്യം

### 1. വൈദികരുടെ പൊതുമാസ ധ്യാനം

ക്രിസ്തുമസ്സിന് ഒരുക്കമായുള്ള വൈദികരുടെ പൊതുമാസ ധ്യാനം ഡിസംബർ 19-ാം തീയതി വ്യാഴാഴ്ച രൂപതാഭവനിൽ നടത്തുന്നു. എല്ലാ ബഹു. അച്ചന്മാരും രാവിലെ 10 മണിയോടെ രൂപതാഭവനിൽ എത്തിച്ചേരണ്ടതാണ്.

### 2. FST മീറ്റിംഗ്

രൂപതയിലെ സിസ്റ്റേഴ്സിന്റെ കൂട്ടായ്മയായ FST മീറ്റിംഗ് ഡിസംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ രൂപതാഭവനിൽ വെച്ച് ചേരുന്നു. അംഗങ്ങൾ എല്ലാവരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

### 3. കോഡിനേഷൻ കമ്മിറ്റി മീറ്റിംഗ്

രൂപതയിലെ വിവിധ അപ്പോസ്തലേറ്റുകളുടെയും സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും സ്ഥാപനങ്ങളുടെയും കോഡിനേഷൻ മീറ്റിംഗ് രൂപതാഭവനിൽ വച്ച് ഡിസംബർ 10-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിക്കുന്നു.

### 4. കരോൾ പിരിവ്

പതിവനുസരിച്ച് നമ്മുടെ ഇടവകകളിൽ നടത്തുന്ന ക്രിസ്തുമസ് കരോൾ പിരിവിൽ ലഭിക്കുന്ന തുകയുടെ പകുതി രൂപത വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ഇക്കാര്യം ഇടവകയിൽ നേരത്തെ അറിയിക്കുകയും ലഭിക്കുന്ന തുകയുടെ പകുതി സെമിനാരിക്കുവേണ്ടി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 5. ആരാധനക്രമ പഞ്ചാംഗം - കലണ്ടർ, രൂപതാ കലണ്ടർ

2025-ലെ ആരാധനക്രമ പഞ്ചാംഗവും തിരുവചന കലണ്ടറും രൂപതാഭവനിൽ നിന്നും ലഭ്യമാണ്.

ലിറ്റർജി കമ്മീഷൻ തയ്യാറാക്കിയ രൂപതാ കലണ്ടർ 2025 എല്ലാ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും എത്തിച്ചേർന്നുവെന്ന് ബഹു. വികാരിയച്ചൻമാർ ഉറപ്പുവരുത്തുമല്ലോ.

### 6. മാർ തെയദോറിന്റെ കൂദാശക്രമം (അനാഫൊറ)

നമ്മുടെ കുർബാനയിലെ രണ്ടാമത്തെ കൂദാശക്രമമായ മാർ തെയദോറിന്റെ കൂദാശക്രമം (അനാഫൊറ) മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ ഉപയോഗിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.

(Ref. സീറോ മലബാർ സഭയുടെ കുർബാനക്രമത്തെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ, No. 24)

### 7. തിരുപ്പട്ട സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി 6 ഡീക്കന്മാർ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നു. കല്ലാനോട്, കരിയാത്തുംപാറ, പൂഴിത്തോട്, കണ്ണോത്ത്, ചെമ്പുകടവ് എന്നീ ഇടവകകളിൽ വെച്ച് ഡിസംബർ 26, 27, 30, 31, 2025 ജനുവരി 1 എന്നീ തീയതികളിലാണ് തിരുപ്പട്ട ശുശ്രൂഷകൾ നടക്കുന്നത്.

### 8. ജൂനിയർ ക്ലെർജി

പൗരോഹിത്യം സ്വീകരിച്ചിട്ട് 10 വർഷം പൂർത്തിയാകാത്ത വൈദികർക്കുവേണ്ടി നടത്തിവരുന്ന റിഫ്രഷൻ കോഴ്സ് 2025 ജനുവരി 20-ാം തീയതി വൈകീട്ട് 6 മുതൽ 22-ാം തീയതി ഉച്ചവരെ പി.എം.ഒ.സി.യിൽ വെച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### 9. ജൂബിലി ആശംസകൾ

**പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയിലേക്ക് പ്രവേശിക്കുന്നവർ ബഹു. ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, ബഹു. ഫാ. ജേർജ് കളത്തൂർ, ബഹു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ബഹു. ഫാ. ജോൺ മൂലയിൽ, ബഹു. ഫാ. ജോസഫ് മുകളേപറമ്പിൽ, ബഹു. ഫാ. ജോസഫ് പുത്തേട്ടുപടവിൽ, ബഹു. ഫാ. ഫ്രാൻസിസ് കൊച്ചുമുണ്ടൻമലയിൽ, ബഹു. ഫാ. ആന്റണി ചെന്നിക്കര** എന്നീ വൈദികരാണ്. ഈ വർഷം മുഴുവൻ ദൈവത്തിന് നന്ദി പറഞ്ഞ് കൂടുതൽ കരുത്തോടെ പൗരോഹിത്യ ശുശ്രൂഷയിൽ മുന്നോട്ടുപോകാൻ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

### 10. സ്വാഗതം

നമ്മുടെ രൂപതാ വൈദിക ഗണത്തിലേക്ക് അംഗമായി കടന്നുവന്നിരിക്കുന്ന **നഞ്ചിലത്ത് തോമസ് കുര്യാക്കോസ്** അച്ചന് രൂപതാകുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

Rev. Fr. Kuriakose Nanjilathu Thomas
Katholisches Pfarramt
St. Andreas Fronberg, St.-Andreas-Str. 6, 92421 Schwandorf
Mob: 0049 176 34461906, jaisheelkuria@gmail.com

**11. ആദരാഞ്ജലികൾ**

ബഹു. ജോസഫ് കൂനാനിക്കൽ അച്ചന്റെ പ്രിയ മാതാവ് **ത്രേസ്യാമ്മ കൂനാനിക്കൽ (89)** 2024 നവംബർ17 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 18-ാം തീയതി പുതുപ്പാടി ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസഫച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**12. സ്മരണാഞ്ജലി**

**06-12-2023 - മോൺ. ആന്റണി കൊഴുവനാൽ**
14-12-1982 - റവ. ഫാ. അബ്രാഹം കുഴിമുള്ളോരം
**24-12-1998 - റവ. ഫാ. ജോർജ് തടത്തിൽ**
**24-12-2011 - റവ. ഫാ. അഗസ്റ്റിൻ കീലത്ത്**
25-12-1983 - റവ. ഫാ. അഗസ്റ്റ്യൻ കിഴക്കാരക്കാട്ട്
25-12-2001 - റവ. ഫാ. ഫ്രാൻസിസ് അറയ്ക്കൽ
26-12-1994 - റവ. ഫാ. ജോസ് മുക്കാട്ട്
**29-12-2018 - റവ. ഫാ. ജോസഫ് കാളക്കുഴി**

**പ്രോട്ടോസിഞ്ചെല്ലൂസ്**




പാവനസ്മരണയ്ക്ക്
മോൺ. ആന്റണി
കൊഴുവനാൽ
06.12.2023
റവ. ഫാ. ജോർജ്ജ്
തടത്തിൽ
24.12.1998
റവ. ഫാ. ജോസഫ്
കാളക്കുഴി
29.12.2018

# റൂബിജൂബിലി

## POPULAR MISSION YEAR 2025-2026

| | | | |
|---|---|---|---|
| March | 23 - 28 | - | Chappanthottam, P.T. Chako Nagar, Kunduthode |
| April | 06 - 11 | - | Kannoth, Theyyappara |
| May | 04 - 09 | - | Kakkadampoyil |
| August | 10 - 15 | - | Manjuvayal |
| August | 24 - 29 | - | Manjumala, Koorottupara |
| September | 07 - 12 | - | Kuppayakode |
| September | 21 - 26 | - | Chembukadavu |
| October | 05 - 10 | - | Valiyakolly |
| October | 19 - 24 | - | Thiruvambady |
| November | 02 - 07 | - | Koodaranji |
| November | 16 - 21 | - | Karuvarakundu Forane Parishes |
| Nov. 30 - Dec. 05 | | - | Chembanoda |
| December | 14 - 19 | - | Kallanode, Kariyathumpara, akkayam |

## YEAR 2026

| | | | |
|---|---|---|---|
| January | 11 - 16 | - | Mavoor, Chevayoor, Kundayithode |
| January | 25 - 30 | - | East Hil |
| February | 08 - 13 | - | Asokapuram |
| February | 22 - 27 | - | Chakkittapara, Narinada, Kulathuvayal |
| March | 08 - 13 | - | Devagiri |
| March | 22 - 27 | - | Thenjipalam |

| | | | |
|---|---|---|---|
| April | 19 - 24 | - | Pullurampara |
| May | 03 - 08 | - | Venappara |
| May | 17 - 22 | - | Anackampoyil |
| August | 09 - 14 | - | Mankavu |
| August | 23 - 28 | - | Amalapuri |
| September | 06 - 11 | - | Punnackal, Kuliramutty |
| September | 20 - 25 | - | Manjeri, Koomamkulam, Payyanad |
| October | 11 - 16 | - | Malappuram, Kottakkal etc. |
| October | 25 - 30 | - | Mariapuram |
| November | 08 - 13 | - | Cathedral |
| November | 22 - 27 | - | Perinthalmanna |
| December | 06 - 11 | - | Paropady |

**ഫാ. ജോൺ ഒറവുങ്കര**
കോഡിനേറ്റർ

# വിശ്വാസപരിശീലനം

**Faith @ Parish അമലാപുരി**

നവംബർ 3 ഞായറാഴ്ച്ച അമലാപുരി ഇടവകയിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും, മതാധ്യാപകരെ കണ്ട് മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ക്ലാസ്സുകൾ നല്കി അവരെ ബോധ്യങ്ങളിലേക്ക് നയിച്ചു.

**Faith @ Home വലിയകൊല്ലി**

നവംബർ 5 ചൊവ്വാഴ്ച്ച വലിയകൊല്ലി ഇടവകയിൽ മാതാപിതാക്കൾക്കായി നടന്നു. 78 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. ബഹു. വികാരിയച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കോട ഞ്ചേരി റിസോഴ്സ് ടീം ക്ലാസ്സുകൾ എടുത്തു.

**Power Cell - 12**

നവംബർ 6 ബുധനാഴ്ച്ച കരിങ്ങാട് സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ ചാത്തൻകോട്ടുനട, ചാപ്പൻത്തോട്ടം, പൊയിലോംചാൽ, പി. ടി. ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട് എന്നീ ഇടവകകളിൽ നിന്നും 58 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകരെ പുതിയ ബോധ്യത്തിലേക്ക് നയിച്ചു.

**രൂപതാ തല പ്രതിഭാസംഗമം – STD - XII**

നവംബർ 8, 09, 10 (വെള്ളി, ശനി, ഞായർ) തിയതികളിൽ HCC II രൂപതാ തല പ്രതിഭാ സംഗമം PMOCയിൽ വച്ച് നടന്നു. വെള്ളിയാഴ്ച്ച വൈകിട്ട് 4.30 ന് രജിസ്ട്രേഷനോടു കൂടി ആരംഭിച്ചു. 46 പ്രതിഭകൾ പങ്കെടുത്തു. ജേക്കബ് കോച്ചേരി സർ, ബോണി സർ എന്നിവർ പ്രോഗ്രാം നയിച്ചു. താമരശ്ശേരി രൂപത മെത്രാൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ പ്രതിഭകൾക്ക് സർട്ടിഫിക്കറ്റും മൊമെന്റോയും നൽകി. ഞായറാഴ്ച്ച രാവിലെ 10 ന് പ്രോഗ്രാം സമാപിച്ചു.

**HCC II രൂപതാതല പ്രതിഭകൾ**

Boys :- 1. Jerard John Panthappillil, Maramchatty

2. Alan Biju Kuzhikandathil, Kundayithode

Girls :- 1. Ann Mariya Thengumpallil, Pullurampara

2. Chris Cheruvil, Kulathuvayal

സീറോ മലബാർ സഭാതല പ്രതിഭാ സംഗമം ഡിസംബർ 29, 30, 31 ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടക്കുന്നതാണ്.

**മതാധ്യാപക ദിനം**

മതാധ്യാപക ദിനത്തിൽ അഭിവന്ദ്യ പിതാവിന്റെ സന്ദേശം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 10 ഞായറാഴ്ച രൂപതയിലെ എല്ലാ ഇടവകകളിലും മതാധ്യാപകദിനം ആചരിച്ചു. ഇടവകകളിൽ മതാധ്യാപകർക്കുവേണ്ടി വി. ബലി അർപ്പിക്കുകയും, പ്രാർത്ഥിക്കുകയും, അവരെ ആദരിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**Faith @ Home താമരശ്ശേരി**

വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരുക്കിയ Parental Catechesis പ്രോഗ്രാം താമരശ്ശേരി ഇടവകയിൽ നടന്നു. 145 മാതാപിതാക്കൾ പങ്കെടുത്തു. റവ. ഫാ. മാത്യു പുളിമൂട്ടിൽ അച്ചൻ ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിൽ റവ.ഫാ. ജോൺ പള്ളിക്കാവയലിലും, സോണിമോൻ സാറും ക്ലാസ്സുകൾ എടുത്തു.

**Faith @ Home കുപ്പായക്കോട്**

നവംബർ 19 ചൊവ്വാഴ്ച കുപ്പായക്കോട് ഇടവകയിൽ Parental Catechesis പ്രോഗ്രാം നടന്നു. 115 മാതാപിതാക്കൾ പങ്കെടുത്തു. കുടുംബവിശ്വാസപരിശീലനത്തെ കുറിച്ച് മാതാപിതാക്കളെ പുതിയ ബോധ്യങ്ങളിലേക്ക് നയിക്കാൻ സാധിച്ചു.

**അർധവാർഷിക പരീക്ഷ**

2024–25 വിശ്വാസപരിശീലനവർഷത്തെ അർധവാർഷിക പരീക്ഷ നവംബർ 3 ന് ഞായറാഴ്ച്ച രാവിലെ 11 മുതൽ 1 മണി വരെ എല്ലാ ഇടവകയിലും നടന്നു.

## Power Cell -13

നവംബർ 14 വ്യാഴാഴ്ച്ച കടലുണ്ടി സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ തേഞ്ഞിപ്പാലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി എന്നീ ഇടവകകളിൽ നിന്നും 33 അധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് അധ്യാപകർക്ക് ക്ലാസ്സെടുത്തു.

## ACC 13, 14, 15 Online Class

ACC 13 : "അബോഷൻ" (ഭാഗം 1, 2) എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ ക്ലാസ്സ് എടുത്തു.

ACC 14 : "ജീവന്റെ മൂല്യം-അഞ്ചാം പ്രമാണം" എന്ന വിഷയത്തെ കുറിച്ച് സോണി മോൻ സേവ്യർ, "ലൈംഗിക ധാർമ്മികത ഭാഗം-1" എന്ന വിഷയത്തെ കുറിച്ച് സണ്ണി കോക്കാപ്പിള്ളി എന്നിവർ ക്ലാസ്സ് എടുത്തു.

ACC 15 : "സാമ്പത്തികബന്ധങ്ങളിലെ നീതിനിർവഹണം", "ക്രൂശിതന്റെ തിരുമൊഴികൾ" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു. "വിദ്യാഭ്യാസ മേഖലയിലെ ക്രൈസ്തവ സംഭാവനകൾ" എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. മെൽവിൻ വെള്ളക്കാകുടി ക്ലാസ്സ് എടുത്തു.

## Media Catechesis

"ഒരു വചനം"എന്ന പ്രോഗ്രാം വിശ്വാസപരിശീലനം യൂട്യൂബ് ചാനൽ വഴി ആരംഭിച്ചു. ഇതിനോടകം 17 കുട്ടികൾ വചനം ഹൃദ്യസ്ഥമാക്കി അവതരിപ്പിച്ചു.

Faith Step : വിവിധ ഇടവകകളിൽ വിശ്വാസ പരിശീലന മേഖലയിൽ പുതിയതായി തുടങ്ങിയ ചുവടുവയ്പ്പുകളെ പ്രധാനാധ്യാപകർ പരിചയപ്പെടുത്തുന്നതിന്റെ 4-ാം എപ്പിസോഡ് യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു. അമലാപുരി ഇടവക വികാരി ബഹു. റോജി അച്ചൻ ഇടവകയിൽ ചെയ്യുന്ന പുതിയ പ്രവർത്തനങ്ങൾ Faith Step ലൂടെ അവതരിപ്പിച്ചു.

## വീഡിയോകൾ

ACC 13, 14, 15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell , Faith @ Parish, Faith @ Home, Interveiws എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേഷണം ചെയ്തു.

## DECEMBER - 2024

| | | |
|---|---|---|
| 01-12-24 ഞായർ | - | മംഗളവാർത്താക്കാലം 1-ാം ഞായർ<br>ഇരുപത്തഞ്ചു നോമ്പാരംഭം<br>(വിശ്വാസപരിശീലകരും കുട്ടികളും 25 ദിവസം മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുക്കുക) |
| 02-12-24 തിങ്കൾ | - | Power Cell 19 : കല്ലുരുട്ടി സെന്റർ (തിരുവമ്പാടി, മുക്കം, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട്) |
| 03-12-24 ചൊവ്വ | - | വി. ഫ്രാൻസിസ് സേവ്യർ |
| 07-12-24 ശനി | - | Power Cell 20 : ബാലുശ്ശേരി സെന്റർ (താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, ഈങ്ങാപ്പുഴ, കൂമുള്ളി, തലയാട്, വയലിട) |
| 08-12-24 ഞായർ | - | മംഗളവാർത്താക്കാലം 2-ാം ഞായർ<br>പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ<br>ACC 13, 14, 15 Online Class 13 |
| 09-12-24 തിങ്കൾ | - | Power Cell 21 : മഞ്ഞക്കുന്ന് സെന്റർ (വിലങ്ങാട് മേഖലയിലെ മുഴുവൻ ഇടവകകളും) |
| 11-12-24 ബുധൻ | - | Power Cell 22 : ചുണ്ടത്തുംപൊയിൽ സെന്റർ (ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, മരഞ്ചാട്ടി, വാലില്ലാപ്പുഴ, വെറ്റിലപ്പാറ) |
| 12-12-24 വ്യാഴം | - | Power Cell 23: കരിയാത്തുംപാറ സെന്റർ (കല്ലാനോട്, കക്കയം, കരിയാത്തുംപാറ, തലയാട്) |
| 14-12-24 ശനി | - | കുരിശിന്റെ വി. യോഹന്നാൻ<br>രൂപതാ മതബോധന കമ്മറ്റി - രൂപതാഭവൻ<br>HCC Invigilators & Exam Supervisors ലിസ്റ്റ് മേഖലാ പ്രസിഡന്റുമാർ രൂപതയിൽ അറിയിക്കേണ്ട ദിവസം. |
| 15-12-24 ഞായർ | - | മംഗളവാർത്താക്കാലം 3-ാം ഞായർ |
| 18-12-24 ബുധൻ | - | Power Cell 24 : ചിപ്പിലിത്തോട് സെന്റർ (മൈലള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ) |
| 22-12-24 ഞായർ | - | മംഗളവാർത്താക്കാലം 4-ാം ഞായർ |

ACC 13, 14, 15 Online Class - 14

25-12-24 ബുധൻ - ക്രിസ്തുമസ്
26-12-24 വ്യാഴം - വി. എസ്തപ്പാനോസ്
27-12-24 വെള്ളി - വി. യോഹന്നാൻ ശ്ലീഹാ
28-12-24 ശനി - കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)
29-12-24 ഞായർ - പിറവിക്കാലം 1-ാം ഞായർ
31-12-24 ചൊവ്വ - വർഷാവസാനം

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ലിറ്റർജി കമ്മീഷൻ

## താമരശ്ശേരി രൂപത 2025ലെ കലണ്ടർ പ്രസിദ്ധീകരിച്ചു

രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി നൽകുന്ന 'ആരാധനാവത്സര കലണ്ടർ' പ്രസിദ്ധീകരിച്ചു. കോഴിക്കോട് പി.എം.ഒ.സിയിൽ വെച്ച് നടന്ന വൈദിക സമ്മേളനത്തിലാണ് കലണ്ടർ പ്രകാശനം ചെയ്തത്. ഓരോ ദിവസത്തെയും വിശുദ്ധ ഗ്രന്ഥ വായനകളും സീറോ മലബാർ ആരാധന ക്രമ പഞ്ചാംഗത്തിൽ നൽകിയിട്ടുള്ള പ്രധാനപ്പെട്ട തിരുനാൾ ദിനങ്ങളും കലണ്ടറിൽ ചേർത്തിട്ടുണ്ട്.

കുടുംബ പ്രാർത്ഥനയുടെ അവസരത്തിൽ കലണ്ടറിൽ നൽകിയിട്ടുള്ള വായനകളുടെ അടിസ്ഥാനത്തിൽ ഓരോ ദിവസവും വിശുദ്ധ ഗ്രന്ഥം വായിക്കാൻ ഇടവകാംഗങ്ങളെ ബഹു. അച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ.

## ഫീദെസ് ഫാമിലി ക്വിസ്-2024 ലെ താമരശ്ശേരി രൂപതാ കലണ്ടർ അടിസ്ഥാനമാക്കി

താമരശ്ശേരി രൂപത കലണ്ടർ- 2024 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന ക്വിസ് മത്സരമായ ഫീദെസ് ഫാമിലി ക്വിസ് -2024ന്റെ ഒന്നാം ഘട്ട ഇടവക തല മത്സരത്തിനുവേണ്ടിയുള്ള ചോദ്യങ്ങളുടെ QR Code നവംബർ ലക്കം മലബാർ വിഷനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് .

## പ്രത്യേകതകൾ

- താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.
- ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.
- 2024ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം - റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ(10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.
- ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. നവംബർ ലക്കത്തിലെ മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ ഓൺലൈനായി അയയ്

ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഡിസം ബർ 23 ആണ്.

- ❖ പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
- ❖ ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് (രണ്ട് കുടുംബങ്ങൾ) രൂപതാ തല രണ്ടാംഘട്ട മത്സരത്തിന് അർഹരാകുന്നത്.
- ❖ ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2025 ഫെബ്രുവരി രണ്ടാം ശനിയാഴ്ച രൂപതാ തലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം: 15,000 രൂപ (CHEM Pharma, Calicut Road, Manjeri).
രണ്ടാം സമ്മാനം: 10000 രൂപ (Fatima Druglines, Manjeri)
മൂന്നാം സമ്മാനം: 5000 രൂപ (Maruti Auto House, Manjeri).
കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

ബഹു.അച്ചന്മാർ ഇക്കാര്യങ്ങൾ പള്ളിയിൽ അറിയിച്ച് ഈ മത്സരത്തിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

### മർഗാനീസ ക്ലാസ്- രണ്ടാം ഭാഗം

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ നവംബർ മാസത്തിലെ ക്ലാസ് നയിച്ചത് സീറോ മലബാർ സഭയിലെ മല്പാനും പ്രസിദ്ധ ബൈബിൾ പണ്ഡിതനുമായ മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചനാണ്. 'ക്രൈസ്തവ ജീവിതത്തിൽ യാമപ്രാർത്ഥനകളുടെ പ്രാധാന്യം' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. നവംബർ 30 ശനി വൈകിട്ട് 8:30 മുതൽ 9:30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചൻ, കോട്ടക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ.ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വൊക്കേഷൻ ബ്യൂറോ

**ഇടവക സന്ദർശനം**

ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി എല്ലാ ഞായറാ ഴ്ചയും വിവിധ ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാന അർപ്പി ക്കുകയും ചെയ്യുന്നു. വി. കുർബ്ബാനയ്ക്കു ശേഷം കുട്ടികളെ കാണുക യും സംസാരിക്കുകയും വിവിധ ദൈവവിളികളെക്കുറിച്ച് അവർക്ക് ക്ലാസ്സെടുക്കുകയും വിവിധ ദൈവവിളികളിലേക്ക് കുട്ടികളെ പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ കട്ടിപ്പാറ, പുന്നക്കൽ, ചമൽ, കോടഞ്ചരി, കുളിരാമുട്ടി എന്നീ ഇടവകകൾ സന്ദർശിച്ചു.

**ഫാ. ജോർജ് പുരയിടത്തിൽ**
ഡയറക്ടർ വൊക്കേഷൻ ബ്യൂറോ

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

**ഇടവക സന്ദർശനം**

സ്മാർട്ട് സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വിലയിരുത്താനും ഇടവകകൾ സന്ദർശിച്ച് വരുന്നു. ഒക്ടോബർ 27-ാം തിയ്യതി കട്ടിപ്പാറ ഇടവകയും നവംബർ 3-ാം തിയ്യതി ചമൽ ഇടവകയും, നവംബർ 10-ാം തിയ്യതി പുന്നക്കൽ ഇടവകയും, 17-ാം തിയ്യതി കോടഞ്ചേരി ഇടവകയും 24-ാം തിയ്യതി കുളിരാമുട്ടി ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും അൾത്താര സംഘത്തെ ഒരുമിച്ചുകൂട്ടി വി. കുർബ്ബാനയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

**ഫൊറോന സംഗമങ്ങൾ**

താമരശ്ശേരി ഫൊറോന സംഗമം : അൾത്താര ബാലികാ - ബാലന്മാരുടെ താമരശ്ശേരി ഫൊറോന സംഗമം നവംബർ 3-ാം തീയതി താമരശ്ശേരി കത്തീഡ്രൽ പാരിഷ്ഹാളിൽ വച്ച് നടന്നു. ഫൊറോന വികാരി ഫാ. മാത്യു പുളിമൂട്ടിൽ സംഗമം ഉദ്ഘാടനം ചെയ്തു. 112 കുട്ടികൾ ഫൊറോന സംഗമത്തിൽ പങ്കെടുത്തു. പ്രാർത്ഥനയും ഗെയിമുകളും ക്ലാസ്സുകളുമായി സംഗമം ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ആരംഭിച്ച് വൈകുന്നേരം 5 മണിയോടെ സമാപിച്ചു.

കോടഞ്ചേരി ഫൊറോന സംഗമം : അൾത്താര ബാലിക-ബാലന്മാരുടെ കോടഞ്ചേരി ഫൊറോന സംഗമം കോടഞ്ചേരി പാരീഷ് ഹാളിൽ നടന്നു. ഫൊറോന വികാരി ബഹു. കുര്യാക്കോസ് ഐക്കുളമ്പിച്ചൻ സംഗമം ഉദ്ഘാടാനം ചെയ്തു. 135 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. ഗെയിമുകളും ക്ലാസ്സുകളും പ്രാർത്ഥനയുമായി സംഗമം 2.30 ന് ആരംഭിച്ച് 5 മണിയോടെ സമാപിച്ചു.

### അനുദിന വചനം

കുട്ടികളെ വചനം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്മാർട്ടിന്റെ എല്ലം വെച്ച് അനുദിന വചന പോസ്റ്റർ തയ്യാറാക്കി അൾത്താര ബാലിക - ബാലന്മാരുടെ ഗ്രൂപ്പുകളിലേക്ക് അയച്ചു നൽകുന്നു.

### ഫൊറോന ഇലക്ഷൻ

സ്മാർട്ട് സംഘടനയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫൊറോനകളിൽ ഫൊറോന ടീമിന്റെ ഇലക്ഷൻ നടന്നു വരുന്നു. താമരശ്ശേരി, കോടഞ്ചേരി ഫൊറോനകളിൽ ഇലക്ഷൻ നടത്തുകയും ഫൊറോന ആനിമേറ്ററെയും, കുട്ടികളിൽ നിന്ന് ഫൊറോനകളിലേക്കുള്ള വിവിധ തസ്തികകളിൽ ഇലക്ഷൻ നടത്തുകയും ചെയ്തു.

### ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്, രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് കോഴ്സിന്റെ സമയം.

### മദ്ബഹാ ശുശ്രൂഷകരുടെ സ്വർഗ്ഗീയ മധ്യസ്ഥന്റെ തിരുന്നാൾ

മദ്ബഹാ ശുശ്രൂഷകരുടെ സർഗ്ഗീയ മധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുന്നാൾ നവംബർ 26ന് ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് വീഡിയോ സന്ദേശത്തിലൂടെ ശുശ്രൂഷകരെ അനുമോദിക്കുകയും തിരുന്നാൾ മംഗളങ്ങൾ നേരുകയും ചെയ്തു. ലഘുജീവചരിത്രം അടങ്ങുന്ന വിശുദ്ധന്റെ രൂപം ഡിജിറ്റലായി എല്ലാവരിലും എത്തിച്ചു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

# ചെറുപുഷ്പ മിഷൻലീഗ്

## 2023-24 പ്രവർത്തന വർഷത്തെ പുരസ്കാരങ്ങൾ

പ്രേഷിത ആവേശം ഹൃദയത്തിലേറ്റി മിഷൻ തീക്ഷ്ണതയോടെ 'വിളയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന പ്രവർത്തന വിഷയത്തെ അടിസ്ഥാനമാക്കി 2023-24 പ്രവർത്തന വർഷത്തിൽ രൂപത, മേഖല, ശാഖ തലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾക്ക്ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സമിതി നൽകുന്ന മികവിന്റെ പുരസ്കാരങ്ങൾക്ക് താമരശ്ശേരി രൂപതയും അർഹമായി. രൂപതയും, പെരിന്തൽമണ്ണ മേഖലയും കട്ടിപ്പാറ ശാഖയും ഗോൾഡൻ സ്റ്റാർ പുരസ്കാരവും മാലാപറമ്പ് ശാഖ മിഷൻ സ്റ്റാർ പുരസ്കാരവും കരസ്ഥമാക്കി.

## സകല മരിച്ചവരുടെയും ഓർമ്മദിനം

നവംബർ 2ന് സകല മരിച്ചവരുടെയും ഓർമ്മ തിരുനാൾ ദിനത്തിൽ കുഞ്ഞു മിഷനറിമാർ വിശുദ്ധ ബലിയിൽ സംബന്ധിക്കുകയും സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. നവംബർ മാസത്തിൽ സെമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

## മതാധ്യാപക ദിനം

നവംബർ 4 ന് വിശുദ്ധ ചാൾസ് ബറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് ശാഖ തലങ്ങളിൽ മതാധ്യാപകരെ ആദരിക്കുകയും മതാധ്യാപക ദിനം സമുചിതമായി ആഘോഷിക്കുകയും സ്റ്റാറ്റസ് വീഡിയോ, പോസ്റ്റർ എന്നിവ തയ്യാറാക്കുകയും ചെയ്തു.

## വിവിധ മത്സരങ്ങൾ

- ജപമാല നിർമ്മാണ മത്സരം : തിരുബാലസഖ്യം ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾക്കായി ജപമാല നിർമ്മാണ മത്സരം സംഘടിപ്പിച്ചു.
- സകല വിശുദ്ധരുടെയും തിരുനാളിനോട് അനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്ക് വേണ്ടി 'ലവിങ് സെയ്ന്റ്സ്' സ്റ്റാറ്റസ് വീഡിയോ മത്സരം നടത്തി.
- സകല മരിച്ചവരുടെയും തിരുനാളിനോടനുബന്ധിച്ച് 'ഹെവൻലി സോൾസ്' പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.
- നിറക്കൂട്ട് : സംസ്ഥാന കലോത്സവത്തിന് ഒരുക്കമായി ഒക്ടോബർ 27 ഞായറാഴ്ച രാവിലെ 9 മണി മുതൽ താമരശ്ശേരി അൽഫോൻസ സ്കൂളിൽ വച്ച് ഒരു ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുകയും പ്രേക്ഷിതകൂടാരം ടീം അംഗങ്ങൾ ട്രെയിനിങ് പ്രോഗ്രാമിന് നേതൃത്വം കൊടുക്കുകയും ചെയ്തു.

• സംസ്ഥാന കലോത്സവം സർഗ്ഗ ദീപ്തി 24 : ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന മിഷൻ കലോത്സവം 'സർഗ്ഗ ദീപ്തി 24' നവംബർ 9ന് പാലക്കാട് യുവ ക്ഷേത്ര കോളേജിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽ നിന്നും 48 മിഷൻ ലീഗ് അംഗങ്ങൾ അതിൽ സംബന്ധിക്കുകയും സബ് ജൂനിയർ ബോയ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനവും കലാസാഹിത്യ മത്സരങ്ങളിൽ വിവിധ സ്ഥാനങ്ങളും എ ഗ്രേഡും നേടുകയും ചെയ്തു. കലാസാഹിത്യമത്സരങ്ങളിൽ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്ത എല്ലാ മിഷൻ ലീഗ് അംഗങ്ങളെയും അഭിനന്ദിക്കുകയും ഇതിനായി അവരെ ഒരുക്കിയ എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.

**സംസ്ഥാന സാഹിത്യ മത്സരം വിജയികൾ**

*ഉപന്യാസം - സൂപ്പർ സീനിയർ പുരുഷന്മാർ*

2nd - ടോണി പനച്ചിക്കൽ, കൂരാച്ചുണ്ട്

*സൂപ്പർ സീനിയർ സ്ത്രീകൾ*

2nd ആൻ മരിയ നടക്കൽ പാലൂർ കോട്ട

*സീനിയർ പെൺകുട്ടികൾ*

2nd അനയ സണ്ണി വലിയകട്ടേൽ, താമരശ്ശേരി

*കവിത ജൂനിയർ പെൺകുട്ടികൾ*

1st- ആൻ ഗ്രേസ് പുതുവ കാളികാവ്

**സംസ്ഥാന കലോത്സവം വിജയികൾ**

*ബൈബിൾ വായന - സബ്ജൂനിയർ ബോയ്സ്*

1st ജോഷിൻ ബ്രിജേഷ് പുത്തൻപുരയ്ക്കൽ, വലിയകൊല്ലി

3rd ഇവാൻ ജേക്കബ് കുറ്റിക്കാട്ടുമണ്ണിൽ, തിരുവമ്പാടി

*സബ്ജൂനിയർ ഗേൾസ്*

3rd ആൻ ട്രീസ അജയ് കാനാട്ട് കൂരാച്ചുണ്ട്

*പ്രസംഗം - സബ്ജൂനിയർ ബോയ്സ്*

1st ജയ്സ് പേണ്ടാനത്ത്, കൂരാച്ചുണ്ട്

*ജൂനിയർ ഗേൾസ്*

1st അലോന ബിജോയ് മേക്കാട്ട്, വേനപ്പാറ

*സംഗീതം - ജൂനിയർ ഗേൾസ്*

2nd ആഗ്നസ് ബിനോയ് ഒറ്റലാങ്കൽ, കുറ്റിപ്പുറം

*സീനിയർ ഗേൾസ്*

3rd അൽക്ക ഡി മാത്യു വല്ലാനാട്ട്, ചക്കിട്ടപാറ

*സൂപ്പർ സീനിയർ മെൻ*

3rd ആൽബിൻ രാജു കൈവേലിക്കകത്ത്, മരുതോങ്കര

*സൂപ്പർ സീനിയർ വിമൻസ്*

2nd സ്നേഹ ടോമി ചക്കിട്ടമുറിയിൽ, തിരുവമ്പാടി

**കൂട്ട് സംസ്ഥാന രൂപത സംയുക്ത എക്സിക്യൂട്ടീവ്**

നവംബർ 23 ശനിയാഴ്ച എം.എം.പി.സി. ഹാളിൽ വച്ച് സംസ്ഥാന സമിതിയും രൂപത സമിതിയും ചേർന്നുള്ള സംയുക്ത എക്സിക്യൂട്ടീവ് നടത്തി.

**മിശിഹായുടെ രാജ്യത്വ തിരുനാൾ**

നവംബർ 24 ഞായറാഴ്ച മിശിഹായുടെ രാജത്വ തിരുനാൾ ശാഖ തലങ്ങളിൽ ആഘോഷിക്കുകയും അന്നേ ദിനം റാലി നടത്തുകയും ചെയ്തു.

**പ്രേഷിത കൂടാരം**

നവംബർ മാസത്തിൽ വേനപ്പാറ ചക്കിട്ടപ്പാറ എന്നീ ശാഖകളിൽ പ്രേക്ഷിത കൂടാരം പ്രോഗ്രാം നടത്തുകയും ചെയ്തു.

**അറിയിപ്പ്**

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും ചേർന്നൊരുക്കുന്ന FIESTA 2K24 കരോൾ ഗാന മത്സരം 2024 ഡിസംബർ 14 ശനിയാഴ്ച ഉച്ചയ്ക്ക് രണ്ട് മണി മുതൽ മേരിക്കുന്ന് PMOC യിൽ വച്ച് നടത്തപ്പെടുന്നു.

ഒന്നാം സമ്മാനം 5001 രൂപ
രണ്ടാം സമ്മാനം 3001 രൂപ
മൂന്നാം സമ്മാനം 2001 രൂപ

ഏവർക്കും സ്വാഗതം.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# വിദ്യാഭ്യാസരംഗം

## അധ്യാപകനിയമനം - അപേക്ഷ ക്ഷണിക്കുന്നു

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അടുത്ത വർഷങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള **പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി (LPST, UPST, HST, HSST) അധ്യാപക ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് ആവശ്യമായ നിയമാനുസൃത യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളിൽനിന്നും നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.** അപേക്ഷകർ 01-01-2025 നുമുമ്പ് നിശ്ചിതയോഗ്യത നേടിയവരായിരിക്കണം. അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി 01-01-2025 ന് 38 വയസ്സിൽ താഴെ ആയി നിജപ്പെടുത്തിയിട്ടുണ്ട്. താമരശ്ശേരി രൂപതാ പരിധിതിയിൽ ഉൾപ്പെടുന്ന കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സ്ഥിര താമസക്കാരായ അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും. എഴുത്തു പരീക്ഷ, വാചാപരീക്ഷ, ഇന്റർവ്യൂ, പ്രാക്ടിക്കൽ ക്ലാസ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന അന്തിമ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരെയാണ് നിയമനങ്ങൾക്ക് പരിഗണിക്കുക. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഓപ്പൺ ക്വാട്ടയിൽ നേരിട്ടുള്ള നിയമനത്തിനും ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് മുൻഗണന ലഭിക്കുക. അപേക്ഷ ഫോം **കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽനിന്നും 01-01-2025 മുതൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ** യോഗ്യത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം **31-01-2025 ന് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ ലഭിച്ചിരിക്കണം.**

പരീക്ഷ തീയതി, കേന്ദ്രം, സിലബസ് തുടങ്ങിയ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### തസ്തിക

**LPST**

### ആവശ്യമായ യോഗ്യതകൾ

i) DEd/ TTC, ii) KTet Category I/II

### തസ്തിക

**UPST, HST, HSST**

i) താഴെപ്പറയുന്ന വിഷയങ്ങൾ ഐശ്ചിക വിഷയമായി പഠിച്ച് അംഗീകൃത സർവ്വകലാശാലയിൽനിന്നും റഗുലർ പഠനംവഴി നേടിയിട്ടുള്ള ബിരുദം/ബിരുദാനന്തരബിരുദം

ii) ബി.എസ്റ്റ്,/എം.എസ്റ്റ് ബിരുദം

iii) കെ.ടെറ്റ് കാറ്റഗറി II/III/SET/NET/M.Phil

**ഐച്ഛികവിഷയങ്ങൾ** : മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ജോഗ്രഫി

**പ്രധാനധ്യാപക യോഗം**

കോർപ്പറേറ്റ് സ്കൂൾ പ്രധാനധ്യാപകരുടെ (Principals & HMs) ഒരു യോഗം 18/12/2024 ബുധനാഴ്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ രൂപതാഭവൻ ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്.

**കോർപ്പറേറ്റുതല മെഗാ ക്വിസ് (TALENTIA 1.0)**

കോർപ്പറേറ്റുതല ഇന്റർ സ്കൂൾ മെഗാക്വിസ് മത്സരത്തിന്റെ ഗ്രാന്റ് ഫിനാലെ മത്സരം ഡിസംബർ 2, 3 തീയതികളിൽ തിരുവമ്പാടി അൽഫോൻസാ കോളേജ്ജിൽവെച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിൽ വിജയികളാകുന്നവർക്ക് അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സമ്മാനങ്ങൾ നൽകുന്നതാണ്.

**ആദരാഞ്ജലികൾ**

വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിലെ സാമുഹ്യശാസ്ത്ര അധ്യാപികയായിരുന്ന ശ്രീമതി നിഷ ജോസഫ് (48) ആകസ്മികമായി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. യു.പി.എസ്.ടി. യായി സേവനം ആരംഭിച്ച ടീച്ചർ മൈലള്ളാംപാറ, കോടഞ്ചേരി സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചശേഷം 2013 ൽ ഹൈസ്കൂൾ വിഭാഗം സാമൂഹ്യശാസ്ത്ര അധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച് മരഞ്ചാട്ടി ഹൈസ്കൂളിൽ നിയമിതയാവുകയും തുടർന്ന് വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിലേക്ക് സ്ഥലംമാറിയെത്തുകയും ചെയ്തു. സഹപ്രവർത്തകർക്കും, വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ഏറെ പ്രിയങ്കരിയായിരുന്ന നിഷ ടീച്ചറുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ദീർഘകാലം വിവിധ കോർപ്പറേറ്റ് സ്കൂളുകളിൽ സ്തുത്യർഹ സേവനമനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലായിരുന്ന ശ്രീ. സണ്ണി ജോസഫ് (റിട്ട. ഹെഡ്മാസ്റ്റർ, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, കൂടരഞ്ഞി), ശ്രീമതി ഒ.വി. റോസ (റിട്ട. ടീച്ചർ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കോടഞ്ചേരി) എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇവരെ പ്രാർത്ഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ് & സൈക്കോതെറാപ്പി താമരശ്ശേരി രൂപതയുടെ മേൽനോട്ടത്തിൽ കൗൺസിലിങ്, സൈക്കോളജി എന്നീ മേഖലകളിൽ ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സ്ഥാപനമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നതാണ് ജെപിഐയുടെ ഊന്നൽ. ഒരു മാനസികാരോഗ്യ പ്രൊഫഷണലായി പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികൾക്ക് വേണ്ട രൂപീകരണം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ജെപിഐ പ്രോഗ്രാമുകൾ ക്രമീകരിച്ചിരിക്കുന്നത്. മനഃശാസ്ത്രപരവും മാനുഷികവുമായ സംഭവവികാസങ്ങളെ ബന്ധിപ്പിക്കുന്ന തത്ത്വങ്ങൾ പരിശീലനാർത്ഥികളെ പരിചയപ്പെടുത്താനും പങ്കെടുക്കുന്നവരിൽ വൈജ്ഞാനികവും സ്വാധീനപരവും പെരുമാറ്റപരവുമായ മാറ്റങ്ങൾക്ക് കാരണമാകുന്ന ചിട്ടയായ ചികിത്സാ രീതികൾ പരിചയപ്പെടുത്താനും പ്രോഗ്രാം ശ്രമിക്കുന്നു. അടിസ്ഥാന കൗൺസിലിങ് കഴിവുകൾ, കൗൺസിലിങ് സിദ്ധാന്തങ്ങൾ, പരിശീലനങ്ങൾ എന്നിവ സമന്വയിപ്പിക്കാൻ രൂപകൽപ്പന ചെയ്ത ഒരു പാഠ്യപദ്ധതിയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്.

21-ാം നൂറ്റാണ്ടിലെ ലോകത്തിലെ വ്യക്തികളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും കാര്യക്ഷമമായി പ്രതികരിക്കുന്നതിനുമുള്ള ആശയപരമായ ഇൻപുട്ടുകളും വിദഗ്ധ പരിശീലനവും നൽകി വിദ്യാർത്ഥികളെ സഹായിക്കുന്നതിനും സജ്ജരാക്കുന്നതിനും ജെപിഐ പരിശ്രമിക്കുന്നു. വ്യക്തിഗത വിദ്യാർത്ഥിയിൽ നിക്ഷേപം നടത്താനുള്ള പ്രതിബദ്ധതയാണ് ജെപിഐയുടെ സവിശേഷത. അറിവും നൈപുണ്യവും നേടുന്നതിന് മാത്രമല്ല, നല്ല യോഗ്യതയുള്ള പരിചയസമ്പന്നരായ ഫാക്കൽറ്റികളുമായുള്ള വ്യക്തിഗത ഇടപെടലുകളിലൂടെയും സമപ്രായക്കാരുടെ ഇടപെടലിലൂടെയും പിന്തുണയിലൂടെയും അവരുടെ അന്തർലീനമായ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും ഒപ്റ്റിമൈസ് ചെയ്യാനും ഓരോ വിദ്യാർത്ഥിയേയും പ്രോത്സാഹിപ്പിക്കുന്നു.

കോഴ്സിലുടനീളം വ്യക്തിഗത വളർച്ചയുടെയും കൗൺസിലിംഗിന്റെയും അതുല്യമായ സൗകര്യം ജെപിഐ വിദ്യാർത്ഥികൾക്ക് വാഗ്ദാനം ചെയ്യുന്നു. ജെപിഐ വിദ്യാർത്ഥികൾക്ക് യഥാർത്ഥ തൊഴിൽ ക്രമീകരണങ്ങളിൽ പരിശീലനത്തിനുള്ള അവസരങ്ങളും നൽകുന്നു. എല്ലാ പ്രോഗ്രാമുകളും മികച്ച സൈദ്ധാന്തിക അടിത്തറയുള്ളതും മാറുന്ന ലോകത്ത് ഫലപ്രദമായി ജീവിക്കാൻ ഉൾ

ക്കാഴ്ചകളും കഴിവുകളും വിവരങ്ങളും ഉപയോഗിച്ച് സ്വയം ശാക്തീകരിക്കാൻ വിദ്യാർത്ഥികളെ സജ്ജമാക്കുന്നു.

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി, ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിംഗ്, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺലൈൻ ആയും, നടക്കുന്നു. വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരിമുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ ലഭ്യമാണ്. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നൽകപ്പെടുന്നു.

കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാദർ ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനം ജെപിഐയിൽ ലഭ്യമാണ്.

### കോഴ്സുകൾ

1. എം.എസ്സി. ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)

2 എം.എസ്സി. ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ )

മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2024-2026 ബാച്ച് (ഓഫ് ലൈൻ/ഓൺലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ അവസാനിച്ചു. ക്ലാസ്സുകൾ ആരംഭിച്ചു

### ഫീസ്റ്റ് ആഘോഷം

പോപ് ജോൺ പോൾ II ഫീസ്റ്റ് സമുചിതമായി ആഘോഷിച്ചു. അന്നേ ദിനം രൂപത വൈദികർ അഭിവന്ദ്യ റെമിജീയോസ് പിതാവിന്റെയും ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ഡോ. കുര്യൻ പുരമഠത്തിന്റെയും നേതൃത്വത്തിൽ ഒരുമിച്ച് ചേർന്നു.

### പ്രവാസി അപ്പോസ്തലേറ്റ് ഓഫീസ് ഉദ്ഘാടനം

താമരശ്ശേരി രൂപതയിൽ ആരംഭിച്ച പ്രവാസി അപ്പോസ്തലേറ്റിന്റെ ഓഫീസ് മേരിക്കുന്ന് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

വിദേശ രാജ്യങ്ങളിലും കേരളത്തിനു പുറത്തുമുള്ള താമരശ്ശേരി രൂപതാംഗങ്ങളെ ഒരുമിച്ചു കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവാസി അപ്പോസ്തലേറ്റ് പ്രവർത്തനം ആരംഭിക്കുന്നതെന്നും പ്രവാസികളായ താമരശ്ശേരി രൂപതാംഗ

ങ്ങളുടെ ആദ്യ സംഗമം ഡിസംബർ 22-ന് താമരശ്ശേരിയിൽ നടക്കുമെന്നും ബിഷപ് പറഞ്ഞു.

പ്രവാസികളായവർക്ക് താമരശ്ശേരി രൂപതയുമായുള്ള ബന്ധം ഊഷ്മളമാക്കാനും അവരുടെ ആധ്യാത്മിക കാര്യങ്ങൾ ക്രമീകരിക്കുവാനും കൂട്ടായ്മകൾ രൂപീകരിക്കുവാനും പ്രവാസി അപ്പസ്തോലേറ്റിന്റെ പ്രവർത്തനത്തിലൂടെ കഴിയുമെന്ന് ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിൽ പറഞ്ഞു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## ഫാമിലി അപ്പോസ്തോലേറ്റ്

**പ്രീകാനാ കോഴ്സുകൾ 2024 – 2025**

നവംബർ 7–9
ഡിസംബർ 12–14
ജനുവരി 9–11
ഫെബ്രുവരി 6–8
മാർച്ച് 6–8
കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8075935240 (WhatsApp)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്



# കരുണാഭവൻ

കരുണാഭവനിൽ രണ്ട് അന്തേവാസികൾ കൂടി എത്തിച്ചേർന്നു. വിവിധ ഇടവകകളിൽനിന്നും വികാരിയച്ചന്മാരും സിസ്റ്റേഴ്സും സംഘടന അംഗങ്ങളും വ്യക്തികളും കരുണാഭവൻ സന്ദർശിച്ച് സഹായങ്ങൾ നൽകി. വിവിധ സ്കൂളുകളിൽ നിന്നും കുട്ടികളും മറ്റ് സംഘടനകളും കരുണാഭവൻ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. വ്യക്തികളുടെ സഹായം വഴിയായി കരുണാഭവന്റെ ഓപ്പൺ ഹാൾ മഴയും വെയിലുമേൽക്കാത്ത വിധം ഷീറ്റ് ഇട്ട് മനോഹരമാക്കുകയും കരുണാഭവന്റെ നെയിം ബോർഡ് പുതിയത് സ്ഥാപിക്കുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# കെ.സി.വൈ.എം എസ്.എം.വൈ.എം

### അമ്മയോടൊപ്പം

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ജപമാല മാസാചരണത്തിന്റെ ഭാഗമായി അമ്മയോടൊപ്പം ജപമാല സമർപ്പണത്തിന് താമരശ്ശേരി രൂപതയിലെ യുവജനങ്ങൾ നേതൃത്വം നൽകി. ഒക്ടോബർ 25 വെള്ളിയാഴ്ച രാത്രി 8 മണിക്ക് ഓൺലൈൻ ആയി നടന്ന ജപമാല സമർപ്പണത്തിൽ യുവജനങ്ങൾ പങ്കെടുത്തു.

### ഉത്സവ് 2024 രചനാ മത്സരം

കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിന്റെ ഭാഗമായുള്ള രചനാ മത്സരങ്ങളുടെ ഒന്നാമത്തെ സോണിൽ ഉൾപ്പെടുന്ന മലബാർ രൂപതകളുടെ മത്സരം ഒക്ടോബർ 27 നു, താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ ചേവായൂർ പ്രസന്റേഷൻ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു.

### മാർ പോൾ ചിറ്റിലപ്പിള്ളി സ്മാരക മലബാർ മേഖലാ ബാഡ്മിന്റൺ ടൂർണമെന്റ്

ഒക്ടോബർ 31 ന് താമരശ്ശേരിയിൽ വെച്ച് മലബാറിലെ 6 രൂപതകളിൽ നിന്നുമായി പ്രഗത്ഭരായ ടീമുകൾ വീറും വാശിയും തന്ത്രങ്ങളും ആവേശവുമായി ഏറ്റുമുട്ടിയ വാശിയേറിയ മത്സരത്തിനൊടുവിൽ പുല്ലൂരാംപാറ യൂണിറ്റ്

ഒന്നാം സ്ഥാനവും, തോട്ടുമുക്കം യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ടൂർണമെന്റ് താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. സമാപനവേദിയിൽ രൂപതാ പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുകാലയിൽ വിജയികൾക്ക് ട്രോഫിയും ക്യാഷ് പ്രൈസും വിതരണം ചെയ്തു.

## മുനമ്പം, ചെറായി പ്രദേശവാസികൾക്ക് ഐക്യദാർഢ്യം

ഒന്നര നൂറ്റാണ്ടിലേറെയായി ജനിച്ച് ജീവിച്ച് രക്തം വിയർപ്പാക്കി അധ്വാനിച്ച മണ്ണിൽ നിന്നും ഒരു സുപ്രഭാതത്തിൽ കുടിയിറങ്ങണമെന്ന ആഹ്വാനം അങ്കലാപ്പിലാക്കിയ മുനമ്പം, ചെറായി നിവാസികൾക്കൊപ്പം കരുത്തോടെ കേരള ജനത കൈക്കോർക്കേണ്ട സമയമാണിതെന്നും കേരളത്തിന്റെ കണ്ണുകൾ 'മുനമ്പത്തേക്ക്' കേന്ദ്രീകരിക്കേണ്ട സമയമാണിതെന്നും കാലഹരണപ്പെട്ട വഖഫ് നിയമത്തിന് കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണെന്നും കെ.സി. വൈ.എം. താമരശ്ശേരി രൂപത അഭിപ്രായപ്പെട്ടു. അതിജീവനത്തിനായി പൊരുതുന്ന മുനമ്പം, ചെറായി പ്രദേശവാസികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കെ.സി.വൈ.എം. താമരശ്ശേരി രൂപത.

## ഉത്സവ് 2024: സംസ്ഥാന കലോത്സവം

തിരുവനന്തപുരം ലത്തീൻ രൂപതയുടെ ആതിഥേയത്വത്തിൽ തുമ്പ സെന്റ് സേവ്യേഴ്സ് കോളജിൽ നടന്ന ഉത്സവ് 2024 കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിൽ മിന്നും പ്രകടനം കാഴ്ചവച്ച് താമരശ്ശേരി രൂപതയിലെ യുവജനങ്ങൾ. 198 പോയിന്റുകളോടെ താമരശ്ശേരി രൂപത രണ്ടാം സ്ഥാനം നേടി. 217 പോയിന്റ് നേടിയ ചങ്ങനാശ്ശേരി അതിരൂപതയാണ് ഒന്നാം സ്ഥാനത്ത്. മൂന്നാം സ്ഥാനം നേടിയ നെയ്യാറ്റിൻകര രൂപത 196 പോയിന്റ് നേടി. മൂന്ന് റീത്തുകളിൽ നിന്നുമായി 32 രൂപതകൾ മാറ്റുരച്ച കലാമാമാങ്കത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് 96 യുവജനങ്ങൾ പങ്കെടുത്തു.

## സംസ്ഥാനതലത്തിൽ വിജയികളായവർ:

അലൻ റോയ് - നോട്ടീസ് നിർമ്മാണം, ഒന്നാം സ്ഥാനം
റിച്ചാൾഡ് ജോൺ - വാർത്താ റിപ്പോർട്ട്, ഒന്നാം സ്ഥാനം
വിമൽ മാത്യു - കാർട്ടൂൺ, രണ്ടാംസ്ഥാനം
ജെയ്സ്മോൻ ജോസഫ് - കഥാരചന, രണ്ടാം സ്ഥാനം
നിയ ചാർലി - ലളിത ഗാനം, ഒന്നാം സ്ഥാനം
അക്സ സാബു - നാടോടി നൃത്തം, ഒന്നാം സ്ഥാനം
ജോബിസ് പി. കെ - നാടോടിനൃത്തം, ഒന്നാം സ്ഥാനം
ബിൽഹ മാത്യു - മോണോആക്ട്, ഒന്നാം സ്ഥാനം
ബെഞ്ചമിൻ തോമസ് - സ്പോട്ട് കൊറിയോഗ്രാഫി, രണ്ടാം സ്ഥാനം

മിൽന മാത്യു - മിമിക്രി മൂന്നാം സ്ഥാനം
ജോ അന്ന ജൂണറ്റ് - സ്പോട്ട് കൊറിയോഗ്രാഫി, മൂന്നാം സ്ഥാനം
സോന ഷാന്റി - ഫോട്ടോഗ്രാഫി, മൂന്നാം സ്ഥാനം
ആൻമേരി, എഡ്വിൻ, റിയോണ - ക്വിസ്, മൂന്നാം സ്ഥാനം
ഗാനമേള, ഒന്നാം സ്ഥാനം
ഷോർട്ട് ഫിലിം, രണ്ടാം സ്ഥാനം
മൈം, മൂന്നാം സ്ഥാനം
ചവിട്ടുനാടകം, മൂന്നാം സ്ഥാനം
തെരുവുനാടകം, മൂന്നാം സ്ഥാനം
നാടൻപാട്ട്, മൂന്നാം സ്ഥാനം

**മേഖല വാർഷിക സെനറ്റ് സമ്മേളനങ്ങൾ**

സഭയുടെ കരുത്തും സമുദായത്തിന്റെ ശബ്ദവുമായ കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം യുവജന പ്രവർത്തന വർഷത്തിന്റെ അവസാനത്തിലെത്തിയപ്പോൾ നവംബർ 3 ന് താമരശ്ശേരി മേഖലയിലും, നവംബർ 17 ന് കരുവാരകുണ്ട്, പെരിന്തൽമണ്ണ മേഖലകളിലും നവംബർ 24 ന് തിരുവമ്പാടി, കോടഞ്ചേരി മേഖലകളിലും വാർഷിക സെനറ്റ് നടത്തപ്പെട്ടു.

**അഭിവന്ദ്യ പിതാവിന്റെ സ്നേഹാദരം**

കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ 32 രൂപതകൾ തമ്മിലുള്ള സർഗ്ഗാത്മക മത്സരങ്ങൾക്കൊടുവിൽ ഓവർഓൾ രണ്ടാം സ്ഥാനം നമ്മുടെ രൂപതയ്ക്ക് നേടി തന്ന കലാപ്രതിഭകളെ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ആദരിച്ചു. നവംബർ 21 ന് താമരശ്ശേരി ബിഷപ്പ്സ് ഹൗസിൽ വെച്ച് നടന്ന ആദരവിൽ കലാപ്രതിഭകൾ പങ്കെടുത്തു.

**ലോഗോ പ്രകാശനം**

ദിവ്യരക്ഷകന്റെ തിരുപ്പിറവിയുടെ സന്ദേശവും പേറി യുവജനങ്ങൾ ഒത്തുച്ചേരുന്ന, സമുദായത്തിന്റെ ഐക്യം പ്രഘോഷിച്ചുക്കൊണ്ട് ആയിരങ്ങൾ അണിനിരക്കുന്ന യുവജന സംഗമത്തിന്റെ ഔദ്യോഗിക ലോഗോ നവംബർ 21ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രകാശനം ചെയ്തു.

**ആശംസകൾ**

താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അംഗങ്ങളായ ആദിത്യ ബെന്നി, അരുൺ ജോഷി, അഖിൽ ജോസഫ്, എസ്.എം.വൈ.എം. കൗൺസിലർ ചെൽസിയ മേരി മാത്യു എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം - എസ്.എം.വൈ.എം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് എല്ലാ മാസത്തിലെയും മൂന്നാം വെള്ളിയാഴ്ച ഏതെങ്കിലും ഇടവകയിൽ വച്ച് ജപമാല ചൊല്ലാം എന്ന് മുൻപ് തീരുമാനിച്ചിരുന്നത് പോലെ നവംബർ പതിനഞ്ചാം തീയതി കൂടരഞ്ഞി പള്ളിയിൽ വച്ച് ജപമാല പ്രാർത്ഥന നടത്തി. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കൂടരഞ്ഞി പള്ളി വികാരി ഫാദർ റോയി തേക്കുംകാട്ടിൽ മുഖ്യപ്രഭാഷണം നടത്തി.

## മരിയൻ പ്രോ-ലൈഫ് മൂവ്മെൻറ് കുടുംബ സംഗമം നടത്തി

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കൂടരഞ്ഞി സെൻറ് സെബാസ്റ്റ്യൻസ് പള്ളിയിൽ കൂടരഞ്ഞി ഇടവകയിലെയും മറ്റ് സമീപ ഇടവകകളിലെയും വലിയ കുടുംബങ്ങളുടെ സമ്മേളനവും ജപമാലയും നടത്തി. വർഷങ്ങളായി എല്ലാ വെള്ളിയാഴ്ചയും ഓൺലൈനായി വൈകുന്നേരം എട്ടുമണിക്ക് ജപമാല സമർപ്പണം നടത്തിവരുന്നു. ഇടവകകളിലെ പ്രോ-ലൈഫ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായിട്ടാണ് മാസത്തിലെ മൂന്നാം വെള്ളിയാഴ്ച ഇടവകകൾതോറും വലിയ കുടുംബങ്ങളുടെ സംഗമവും ജപമാലയും നടത്തുന്നത്. കൂടരഞ്ഞി ഇടവകയിൽ ചേർന്ന കുടുംബ സംഗമത്തിലും ജപമാലയിലും 22 കുടുംബങ്ങൾ പങ്കെടുത്തു. സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, കൂടരഞ്ഞി ഇടവക വികാരി ഫാ. ജോസഫ് തേക്കുംകാട്ടിൽ, കെ.സി.ബി.സി പ്രോ-ലൈഫ് സെക്രട്ടറി ടോമി സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ രൂപതാ പ്രസിഡണ്ട് സജീവ് പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, പ്രിൻസ് തിനംപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് എസ് എച്ച് എന്നിവർ നേതൃത്വം നൽകി. കൂടരഞ്ഞി പ്രോ-ലൈഫ് യൂണിറ്റിന്റെ പുതിയ ഭാരവാഹികളായി ജിമ്മി കണിയാംകുന്നേൽ (പ്രസിഡൻറ്), ബിനോയ് ഗണപതിപ്ലാക്കൽ (സെക്രട്ടറി) ടോമി മുഴയമ്മാക്കൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും കുടയും ബാഗും നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം ദേശീയ ഭാരവാഹികൾ മലബാർ റീജണൽ ബിഷപ്പ്സിനോടൊപ്പം മീറ്റിംഗ് നടത്തി

മലബാർ മേഖലയിൽ ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കാനൊരുങ്ങി ഇൻഫാം ദേശീയ നേതൃത്വം. മലബാർ മേഖലയിൽ ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുമെന്ന് ഇൻഫാം ദേശീയ ഭാരവാഹികൾ. തലശ്ശേരി ബിഷപ്സ് ഹൗസിൽ നടന്ന മലബാർ റീജിയണൽ ബിഷപ്സ് കോൺഫ്രൻസിലാണ് ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടിയിൽ, മലബാർ റീജിയണൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ എന്നിവർ കർമ്മ പദ്ധതികൾ വിശദീകരിച്ചത്.

കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിതാന്ത ജാഗ്രത പുലർത്തുമെന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിതരണവും കർഷക കൂട്ടായ്മകൾ വഴി ആരംഭിക്കുമെന്നും ഇൻഫാം ഭാരവാഹികൾ പറഞ്ഞു.

തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഇൻഫാം യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സഹായം നൽകണമെന്ന് ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ രൂപത ബിഷപ്പുമാരോട് ഇൻഫാം ദേശീയ നേതൃത്വം ആവശ്യപ്പെട്ടു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# യൂദിത്ത് ഫോറം

മരിയാപുരം ഫാത്തിമാ മാതാ ഇടവകയിലെ യൂദിത്ത് ഫോറം അംഗങ്ങളുടെ നവംബർ മാസത്തെ സംഗമം 09.11.2024 ന് പാരിഷ് ഹാളിൽ വെച്ച് നടത്തി. പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി കളപ്പുരക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 38 അമ്മമാർ പങ്കെടുത്തു.സെക്രട്ടറി ശ്രീമതി സോളി ഒക്ടോബർ മാസത്തെ റിപ്പോർട്ട് അവ തരിപ്പിച്ചു. നവംബർ 9 ന് സപ്തതിയിൽ എത്തിയ ശാന്തമ്മ വാത്താച്ചിറക്ക് ജന്മദിന ആശംസകൾ നേരുകയും, ശാന്തമ്മയുടെ മക്കൾ കൊണ്ടുവന്ന കേക്ക് മുറിക്കുകയും എല്ലാവർക്കും വിതരണം ചെയ്യുകയും ചെയ്തു. ലോഗോസ് ക്വിസിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും സമ്മാനങ്ങൾ നൽകി. അടുത്ത വർഷം കൂടുതൽ പേർ പങ്കെടുത്ത്, നല്ല മാർക്ക് വാങ്ങാൻ സാധിക്കട്ടെ എന്ന് ഗീതാ സിസ്റ്റർ ആശംസിച്ചു. അമ്മമാർക്കുള്ള യൂണിഫോം സാരി എല്ലാ

വർക്കും വിതരണം ചെയ്തു. 46 അമ്മമാർ യൂണിഫോം സാരി വാങ്ങുന്നതിൽ ഭാഗഭാക്കായി. ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോൽഭവ തിരുനാൾ ദിവസം എല്ലാവരും യൂണിഫോം സാരി ധരിച്ച് പള്ളിയിൽ വരണമെന്ന് തീരുമാനമെടുത്തു. തുടർന്ന് നവംബർ 12 ന് നടത്താനിരിക്കുന്ന വിനോദ യാത്രയുടെ നടത്തിപ്പിനെ പറ്റി, ആനിമേറ്റർ ഗീതാ സിസ്റ്ററും പ്രസിഡന്റ് മേരിക്കുട്ടിയും വിശദമായ നിർദ്ദേശങ്ങൾ നൽകി. മുൻ പ്രസിഡന്റ് സിസിലി ടീച്ചറുടെ ഭർത്താവിന്റെ ഓർമ്മദിനം കൂടി ആയിരുന്നു നവംബർ ഒൻപത് ടീച്ചറുടെ വക ചായസൽക്കാരത്തോടെ മീറ്റിംഗ് അവസാനിച്ചു. തുടർന്ന് യൂദിത് SHG അംഗങ്ങളുടെ മീറ്റിങ്ങും നടത്തി.

മുൻ തീരുമാനമനുസരിച്ചുള്ള കൊച്ചി എറണാകുളം വിനോദയാത്ര നവംബർ 12 ന് നടത്തി. 48 പേരുടെ, സ്ത്രീകൾ മാത്രമുണ്ടായിരുന്ന സംഘം പുലർച്ചെ കൃത്യം 3 മണിക്ക് പുറപ്പെട്ട് രാത്രി ഒരു മണിക്ക് തിരിച്ചെത്തി. കൂടുതലും പ്രായമായ അമ്മമാർ. 70 വയസ്സിനു മുകളിൽ ഉള്ളവർ 14 പേർ. അതിൽ 85 വയസ്സുള്ളവർ വരെ ഉണ്ടായിരുന്നു. ഒല്ലൂർ എവുപ്രാസ്യാമ്മയുടെ കബറിടം, മ്യൂസിയം, കൊരട്ടി മുത്തി പള്ളി, തൃപ്പൂണിത്തറ ഹിൽ പാലസ്, മറൈൻ ഡ്രൈവ്, ഹൈകോർട്ട് ജെട്ടിയിൽ നിന്നും ഫോർട്ട്കോച്ചിയിലേക്കും തിരിച്ചും വാട്ടർ മെട്രോയിൽ യാത്ര. സാഗര റാണി ക്രൂയ്സിൽ വേമ്പനാട്ടുകായലിലും കടലിൽ 10 km വരെയും ഉള്ള സവാരി, വല്ലാർപ്പാടം പള്ളി, ഇടപ്പള്ളി പള്ളി ഇവയൊക്കെ ആണ് ഞങ്ങൾ സന്ദർശിച്ച സ്ഥലങ്ങൾ. ക്രൂയ്സ് യാത്രയിൽ കണ്ട ദൃശ്യങ്ങൾ കായൽക്കരയിലെ മനോഹര നിർമിതികൾ, ബോൾഗാട്ടി, വെല്ലിങ്ടൺ ഐലൻഡ്, വൈപ്പിൻ, പുതുവൈപിൻ, വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ, കണ്ടെയ്നർ കപ്പലുകൾ, കടലിൽ നങ്കൂരമിട്ട് കിടന്നിരുന്ന മറ്റു കപ്പലുകൾ, മണ്ണുമാന്തി കപ്പലുകൾ, കായൽ പരപ്പിലൂടെ നീങ്ങുന്ന പലതരം ബോട്ടുകൾ ഇവയൊക്കെ അമ്മമാരെ സംബന്ധിച്ചടത്തോളും ദൃശ്യ വിസ്മയങ്ങളായിരുന്നു. ക്രൂസിലെ വിനോദ പരിപാടികളും ഹൃദ്യവും മനോഹരവും ആയിരുന്നു. അതിൽ അമ്മമാരും പങ്കെടുത്തു എന്നത് അതിലേറെ സന്തോഷപ്രദം ആയി. അമ്മമാർക്ക് ജീവിതത്തിൽ ഒരിക്കലും അനുഭവിക്കാത്ത, ആഹ്ലാദപ്രദമായ ആനന്ദകരമായ ഒരു ദിവസമായിരുന്നു നവംബർ 12. ഇനിയും ഇതുപോലെയുള്ള യാത്രകൾ സംഘടിപ്പിക്കണം എന്ന ആഗ്രഹത്തോടെയാണ് വിനോദയാത്ര അവസാനിച്ചത്.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം

# കരിസ്മാറ്റിക് നവീകരണം

**മധ്യസ്ഥ പ്രാർത്ഥന:** എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച താമരശ്ശേരി ചാവറ ഹോസ്പിറ്റൽ ചാപ്പലിൽ വച്ച് സോണൽ മധ്യസ്ഥ പ്രാർത്ഥന നടത്താൻ തീരുമാനിച്ചതനുസരിച്ച്, നവംബർ 16 ന് മധ്യസ്ഥ പ്രാർത്ഥന നടത്തി. സനാതന മേജർ സെമിനാരിയിലെ ഫാ. ഷിബിൻ എം.സി.ബി.എസ്. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സോണൽ കോഡിനേറ്റർ ഷാജു, സോണൽ മധ്യസ്ഥ പ്രാർത്ഥന കോഡിനേറ്റർ ജോസ് കിഴക്കയിൽ, ട്രഷറർ ബേബി പഴം പ്ലാക്കൽ എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**അഭിഷേക പ്രാർത്ഥന:** എല്ലാ മിനിസ്ട്രികളുടെയും സർവീസ് ടീം അംഗങ്ങളുടെ അഭിഷേക ശുശ്രൂഷ നവംബർ 14 ന് പി എം ഒ സി യിൽ വെച്ച് നടത്തി. ഫാ. സിബി കുഴിവേലിൽ വിശുദ്ധ കുർബാനയും വചനന സന്ദേശവും നൽകി. തുടർന്ന് ആരാധനയും അഭിഷേക പ്രാർത്ഥനയും നടത്തി.

**ജൂബിലേവൂസ്:** നവംബർ മാസത്തിലെ ജൂബിലേവൂസ് 20-ാം തീയ്യതി കൂരാച്ചുണ്ട് സെൻറ് തോമസ് ദേവാലയത്തിൽ വച്ച് നടന്നു. തോംസൺ കക്കയം ആമുഖ സന്ദേശം നൽകി. തുടർന്ന് ഫാ. നിധിൻ മുണ്ടക്കൽ വിശുദ്ധ കുർബാനയും വചന സന്ദേശവും നൽകി. സ്തുതി ആരാധനയ്ക്കും മധ്യസ്ഥ പ്രാർത്ഥനയ്ക്കും നേതൃത്വം നൽകിയത് സോണൽ കോഡിനേറ്റർ ഷാജു, സോണൽ മധ്യസ്ഥ പ്രാർത്ഥന കോഡിനേറ്റർ ജോസ് കിഴക്കയിൽ ബാബു മാളിയേക്കൽ സബ്സോൺ കോഡിനേറ്റർ ജോയി പാറക്കൽ, സതീഷ് എന്നിവർ നേതൃത്വം നൽകി. ജൂബിലിസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് സബ്സോൺ ആനിമേറ്റർ ഫാ. വിൻസന്റ് കറുകമാലിൽ, കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**കെരിഗ്മ സംഗമം:** നവംബർ 23 ന് കെരിഗ്മ മിനിസ്ട്രി അംഗങ്ങൾ പി.എം.ഒ.സി.യിൽ ഒരുമിച്ചുകൂടി

**പ്രവർത്തനങ്ങൾ വിലയിരുത്തി**

ഫാ. സിബി കുഴിവേലിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ബെന്നിച്ചൻ കറുകമാലിൽ, ബേബി ഇയ്യാലിൽ, നിധിൻ ചെറുവുള്ളാട്ട് എന്നിവർ സ്തുതി ആരാധന നയിച്ചു. കോഡിനേറ്റർ ഷാജു കാഞ്ഞിരം, കെരിഗ്മ കോഡിനേറ്റർ ഷാജി അരീക്കത്തിൽ എന്നിവർ നേതൃത്വം നൽകി.

**യൂത്ത് ഫെസ്റ്റ് :** കരിസ്മാറ്റിക് യുവജനവിഭാഗം YU4C അംഗങ്ങൾ നവംബർ 23 ശനിയാഴ്ച വൈകുന്നേരം അഞ്ചുമണി മുതൽ 8 മണി വരെ ദേവഗിരി എം.സി.ബി.എസ്. ചാപ്പലിൽ വച്ച് യൂത്ത് ഫെസ്റ്റ് നടത്തി. ഷാജു കാഞ്ഞിരം, ബെന്നിച്ചൻ കറുകമാലിൽ എന്നിവർ നേതൃത്വം നൽകി. ഫാ. സിബി കുഴിവേലിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ജാഗരണ പ്രാർത്ഥന:** നവം. 23 ശനി 7 pm മുതൽ നവം. 24, 5 am വരെ ദേവഗിരി എം.സി.ബി.എസ്. ചാപ്പലിൽ വെച്ച് കോഴിക്കോട് സോൺ ജാഗരണ പ്രാർത്ഥന നടത്തി.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

# ക്രിസ്റ്റീൻ മിനിസ്ട്രി

കഴിഞ്ഞ രണ്ടു വർഷക്കാലം കോഴിക്കോട് സോണിൽ ക്രിസ്റ്റീൻ മിനിസ്ട്രിക്ക് നേതൃത്വം കൊടുത്ത സി. ലിനി MSMI ക്കും ആന്റണി ചൂരപൊയ്കയിൽ സാറിനും ടീം അംഗൾക്കും ഹൃദ്യമായ നന്ദിയും പ്രാർത്ഥനകളും.

അടുത്ത രണ്ടു വർഷം ക്രിസ്റ്റീൻ മിനിസ്ട്രിക്ക് നേതൃത്വം കൊടുക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആശംസകളും പ്രാർത്ഥനകളും.

**പുതുതായി തെരഞ്ഞെടുക്കപ്പെട്ട സർവീസ് ടീം അംഗങ്ങൾ:**

സി. മരിയ ഗ്രെയ്സ് MSMI (സിസ്റ്റർ ആനിമേറ്റർ)
രാജു മംഗലശ്ശേരി (കോഡിനേറ്റർ)
ആൻറണി ചൂരപ്പൊയ്ക കോടഞ്ചേരി (സെക്രട്ടറി)
പി.സി സേവ്യർ കദളിക്കാട്ടിൽ (ട്രഷറർ)
സുനിൽ ജോസഫ് കുന്നുംപുറത്ത്,
വിന്ദ്യ ബാബു നിരപ്പേൽ,
സിത്താമ്മ പീറ്റർ പേണ്ടാനത്ത്,
എൽസി തോമസ് കൊച്ചുപറമ്പിൽ,
മഞ്ജു ജോസഫ് കാഞ്ഞിരത്തിങ്കൽ,
ലൗലി ബാബു തോന്നനാൽ.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, ക്രിസ്റ്റീൻ മിനിസ്ട്രി

# ബഥാനിയ ധ്യാനകേന്ദ്രം

അഖണ്ഡജപമാലയുടെ അനുഗ്രഹം നിറഞ്ഞ ദിവസങ്ങളിലൂടെ കടന്നുപോയ ദൈവജനം വീണ്ടും ബഥാനിയയുടെ ശാന്തതയിലേക്ക് വന്ന ദിവസങ്ങളായിരുന്നു നവംബർ മാസത്തിലെ ദിവസങ്ങൾ. നിരവധിയായ ശുശ്രൂഷകൾ ബഥാനിയ ഭവനം പ്രിയപ്പെട്ടവർക്കായി ഒരുക്കിയിരുന്നു.

## ധ്യാനം

ഈ മാസം 22 മുതൽ 25 വരെയായിരുന്നു താമസിച്ചുള്ള ധ്യാനം. സമരിയാക്കാരി സ്ത്രീയെ ഒരു ധ്യാനാനുഭവത്തിലൂടെ കൂട്ടിക്കൊണ്ടുപോയി അവളുടെ ജീവിതത്തെ മാറ്റി മറിച്ച ഈശോ ബഥാനിയായിലെ ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ ജീവിതങ്ങളെ പുതുക്കിപ്പണിയുകയാണ്. അവരുടെ ജീവിതങ്ങൾ സാക്ഷ്യമായി മാറുന്നതുകൊണ്ടാണ് അവരെ കാണുകയും കേൾക്കുകയും ചെയ്യുന്നവർ തങ്ങൾക്കും ആ അനുഭവം വേണം എന്ന ആഗ്രഹത്തോടെ പിന്നീടുള്ള ധ്യാനങ്ങളിലേക്ക് വരുന്നത്. സഭയുടെ ഏറ്റവും ശക്തമായ വിടുതൽ ശുശ്രൂഷയെ ഒരു പ്രധാന വിഷയമായി ഒരുക്കിയിരിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ കുടുംബാംഗങ്ങൾ ഒരുമിച്ച് വരുന്നു എന്നത് ഒരു പ്രത്യേകതയാണ്. ഇരുന്നൂറോളം പേർ പങ്കെടുക്കുന്ന ധ്യാനം ബഥാനിയ ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ പുളിക്കലാണ് നയിച്ചത്.

## ഏകദിന കൺവെൻഷൻ

ഈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. കടലാസുകളിൽ തങ്ങൾ എഴുതിയ നിയോഗങ്ങൾ ദിവ്യകാരുണ്യ ആരാധനയുടെ സമയത്ത് ഈശോയുടെ മുമ്പിൽ സമർപ്പിച്ച് അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നിറമിഴികളോടെ മനസ്സുരുകി പ്രാർത്ഥിക്കുന്നു. അനേകരുടെ ജീവിതം തന്നെയാണ് അൾത്താരയിൽ സമർപ്പിക്കപ്പെടുന്നത്. വെള്ളിയാഴ്ചകളിൽ വിവിധങ്ങളായ ശുശ്രൂഷകളിലൂടെ കടന്നുപോകുന്ന ദൈവജനത്തിന് ഒരു നല്ല ധ്യാനം തന്നെയാണ് ബഥാനിയ ഒരുക്കിയിരിക്കുന്നത്.

രാവിലെ 9 മണിക്ക് ആരംഭിച്ച ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ഗാനശുശ്രൂഷ, വി. കുർബ്ബാന, വചനസന്ദേശം, വി. കുമ്പസാരം, സ്പരിച്ചൽ ഷെയറിംഗ് തുടങ്ങിയവ ഉണ്ടായിരുന്നു.

ഈ മാസം 1-ാം തിയ്യതി ആദ്യ വെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. ദിവ്യകാരുണ്യ ആരാധനയുടെ സമാപനത്തിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണ സമയത്ത് ജനമധ്യത്തിലേക്ക്

എഴുന്നെള്ളി വന്ന ദിവ്യകാരുണ്യ ഈശോയെ കീർത്തനം പാടിയാണ് സമൂഹം എതിരേറ്റത്. ആദ്യ വെള്ളിയാഴ്ച ശുശ്രൂഷയിൽ പങ്കെടുത്ത് പോകുന്നവരുടെ മുഖത്ത് പ്രതിഫലിക്കുന്ന ആശ്വാസവും സംതൃപ്തിയുമാണ് ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങൾ.

## ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

101 ദിവസങ്ങൾ നീണ്ടു നിന്ന അഖണ്ഡജപമാലയിലൂടെ നൽകപ്പെട്ട ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നതിനായി ബഥാനിയ ശുശ്രൂഷകർ 9-ാം തിയ്യതി ശനിയാഴ്ച ഒരുമിച്ച് ചേരുകയുണ്ടായി. പകലും രാത്രിയും ഇടമുറിയാതെ ജപമാല ചൊല്ലുന്നതിനും പങ്കെടുക്കുവാൻ വരുന്ന ദൈവജനത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിനും നേർച്ച ഭക്ഷണം ഒരുക്കുന്നതിനും ബഥാനിയ ഭവനം പ്രാർത്ഥനയ്ക്ക് അനുയോജ്യമായ രീതിയിൽ കാത്തു സൂക്ഷിക്കുന്നതിനും തങ്ങൾക്ക് ശക്തിയും ബലവും അഭിഷേകവും നൽകിയ ഈശോയ്ക്ക് ബഥാനിയ കുടുംബം ഏകമനസ്സോടെ നന്ദി പറയുകയുണ്ടായി. അഖണ്ഡജപമാല പ്രാർത്ഥനശുശ്രൂഷയിൽ പങ്കെടുക്കുന്നതിന് അനേകർ കടന്നുവരാനിടയായതിനും ഓരോ ശുശ്രൂഷയും അഭിഷേകമുള്ളതാക്കിയതിനും പരി. അമ്മയുടെ മദ്ധ്യസ്ഥതയിൽ സമർപ്പിച്ച നിയോഗങ്ങൾ ഈശോ ഏറ്റെടുത്ത് അനുഗ്രഹിച്ചതിനും അങ്ങനെ പറഞ്ഞാൽ തീരാത്തത്രയും കാരണങ്ങളുണ്ടായിരുന്നു നന്ദി പറയുന്നതിനായി. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനായിരുന്നു ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്.

## സ്പിരിച്ച്വൽ ഷെയറിംഗ്

അഖണ്ഡജപമാലയ്ക്ക് ശേഷം ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിച്ച്വൽ ഷെയറിംഗ് ഉണ്ടായിരുന്നു. തങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ദൈവിക പരിഹാരമെന്ത് എന്നറിയുന്നതിനായി ധാരാളം പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. വെള്ളിയാഴ്ച ഒഴികെ മറ്റു ദിവസങ്ങളിൽ മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് മാത്രമാണ് സ്പിരിച്ച്വൽ ഷെയറിംഗിന് സൗകര്യമുള്ളത്. പ്രത്യേകം പരിശീലനം ലഭിച്ച ബഹു.സിസ്റ്റേഴ്സും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

## മദ്ധ്യസ്ഥ പ്രാർത്ഥന

ഈ മാസവും ബഥാനിയായിൽ എല്ലാ ദിവസവും മദ്ധ്യസ്ഥ പ്രാർത്ഥനയുണ്ടായിരുന്നു. ഓരോ ദിവസവും നടക്കുന്ന ഈ പ്രാർത്ഥനയാണ് ബഥാനിയായിലെ എല്ലാ ശുശ്രൂഷകളുടേയും അഭിഷേകത്തിന് കാരണം. വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർത്ഥനാ ശുശ്രൂഷ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് നയിക്കുന്നത്.

## ഡിസംബർ മാസത്തിലെ ശുശ്രൂഷകൾ

01 ഞായർ : ഇരുപത്തഞ്ചു നോമ്പാരംഭം

06 ആദ്യവെള്ളി : ഏകദിന കൺവെൻഷൻ

13 വെള്ളി : ഏകദിന കൺവെൻഷൻ

14 ശനി : ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

20 വെള്ളി : ഏകദിന കൺവെൻഷൻ

: ജീവിത വിശുദ്ധീകരണ ധ്യാനം (20-23)

25 ബുധൻ : ക്രിസ്തുമസ്

27 വെള്ളി : ഏകദിന കൺവെൻഷൻ

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

### ആരോഗ്യ സെമിനാർ

വിലങ്ങാട് ഗ്രാമ വികസന സമിതി തൊഴിലുറപ്പു തൊഴിലാളികൾക്കായി പരിപ്പുപാറ പ്രൈമറി ഹെൽത്ത് സെന്റർ ജീവനക്കാർ പ്രേമേഹ രോഗ ക്ലാസ് നയിച്ചു.

### ശിശുദിനം

സി.ഒ.ഡി.യുടെ സ്ഥാപകദിനത്തോടനുബന്ധിച്ചു വിവിധ ഗ്രാമ വികസന സമിതികൾ അംഗൻവാടികൾ, ശിശുമന്ദിരങ്ങൾ എന്നിവരുടെ കൂടെ ശിശുദിന പരിപാടിയിൽ സംബന്ധിച്ചു.കുട്ടികൾക്ക് മധുരം വിതരണം,പായസം, റാലി, കലാ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. അതാതു പ്രദേശത്തെ ഇടവക വികാരി മാർ, പഞ്ചായത്ത് പ്രതിനിധികൾ വാർഡ് മെമ്പർമാർ, ആശവർക്കർ, SHG ലീഡേഴ്സ്, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

### ലോഗോ പ്രകാശനം

സി.ഒ.ഡി. യുടെ 35-ാമത് വാർഷികാഘോഷത്തിന്റെ ലോഗോ ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സി.ഒ.ഡി പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ.സി. ജോയിക്ക് നൽകി പ്രകാശനം ചെയ്തു. സി.ഒ.ഡി.ഡയറക്ടർ ഫാ. സായി

പാറൻകുളങ്ങര, സിദ്ധാർഥ്, സന്ദീപ് കളപ്പുരക്കൽ, ഷിനോജ് പി.സി. മറ്റു സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**സ്വാഗത സംഘ രൂപീകരണം**

സി.ഒ.ഡി. യുടെ 35-ാമത് വാർഷികാഘോഷത്തിന്റെ ഭാഗമായി വിവിധ ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ സ്വാഗത സംഘ രൂപീകരണ യോഗം നടന്നു. 12 അംഗ കമ്മിറ്റി രൂപീകരിച്ചു. പരിപാടിയിൽ പങ്കെടുക്കാൻ പോകുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി.

**പുതിയ സംരംഭം**

തിരുവമ്പാടി GVS ചെറുപുഷ്പം സ്വായം സഹായ സംഘം അരിപ്പാറ റിസോർട്ടിൽ ഒരു ടീ & കൂൾ ഡ്രിങ്ക്സ് ഷോപ് ആരംഭിച്ചു.

**വിനോദ യാത്ര**

സി.ഡി.ഡിയുടെ നേതൃത്വത്തിൽ ഒരു ഏകദിന വിനോദ യാത്ര സംഘടിപ്പിച്ചു. കോഴിക്കോട് കടലുണ്ടി പുഴയിലൂടെ ബോട്ട് യാത്രയും നല്ലൊരു സീഫുഡും ഉണ്ടായിരുന്നു. സി.ഡി.ഡി ഡയറക്ടർ സി.ഒ.ഡി. ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, ആൽബിൻ സക്കറിയാസ്, കോർഡിനേറ്റർസ്, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**വിലങ്ങാടിന് കൈത്താങ്ങ്**

ചങ്ങനാശ്ശേരി അതിരൂപതയുടെസഹായത്തോടെ സിഒഡിയുടെ നേതൃത്വത്തിൽ വിലങ്ങാട് ഉരുൾപൊട്ടൽ ദുരിതബാധിതരായ 19 കുടുംബങ്ങൾക്ക് 7000 രൂപ വീതം സാമ്പത്തിക സഹായം നല്കി. ഓരോരുത്തർക്കും അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു.

**കാർഷിക വായ്പ വിതരണം**

സിഒഡിയുടെ നേതൃത്വത്തിൽ ഇടവക-പഞ്ചായത്തുതലങ്ങളിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും രൂപീകരിച്ചു. കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. കനറാ ബാങ്ക് എഇഒ അമൃത അരുൺ, COD സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി. വെറ്റിലപ്പാറ, വിലങ്ങാട് എന്നിവിടങ്ങളിലായി 48 ജെഎൽജികൾക്ക് കാർഷിക വായ്പ വിതരണം നടത്തി.

**സ്വയം സഹായ സംഘം (SHG )രൂപീകരണം**

വിവിധ ഗ്രാമ വികസന സമിതികളിൽ പുതിയ സംഘ രൂപീകരണം നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. ഈ വർഷം 100 നു മുകളിൽ പുതിയ സംഘം

രൂപീകരണം നടത്തപ്പെട്ടു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർമാർ നേതൃത്വം കൊടുക്കുന്നു.

## SHG ഓഡിറ്റിംഗ്/ഗ്രേഡിംഗ്

സി.ഒ.ഡി പ്രോഗ്രാം കോ ഓർഡിനേറ്റർ ജോയ് കെ.സി., ഏരിയ കോ-ഓർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ SHGകളുടെ ഓഡിറ്റിംഗ് പൂർത്തീകരിച്ചു വരുന്നു ബാങ്ക് ലോൺ എടുക്കുന്നതിനു വേണ്ടി സംഘങ്ങളുടെ ബുക്ക്സ് റെക്കോർഡ്സ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് ഷീറ്റ് തയ്യാറാക്കി. സി.ഒ.ഡി, ഏരിയ കോ-ഓർഡിനേറ്റർ നേതൃത്വം കൊടുത്തു. ഗ്രേഡിംഗ് നടത്തിയ 3 സംഘങ്ങൾ മിനുട്സ് തയ്യാറാക്കി സി.ഒ.ഡി ഡിറക്ടർക്ക് അപേക്ഷ സമർപ്പിച്ചു റെക്കമെൻറ് നൽകുകയും ചെയ്തു.

## സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനം

സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനത്തിന്റെ ഭാഗമായി കോഴിക്കോട് സെന്റ് ജോസഫ് കോളേജ് ദേവഗിരി, ഡോൺ ബോസ്കോ കോളേജ് സുൽത്താൻ ബത്തേരി, ലിസ്സ കോളേജ് കൈതപ്പൊയിൽ എന്നിവിടങ്ങളിൽ നിന്ന് എം.എസ്.ഡബ്ല്യൂ/ബി.എസ്. ഡബ്ല്യൂ കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനം നടത്തി വരുന്നു. പരിശീലനത്തിന്റെ ഭാഗമായി പ്രൊജക്റ്റ് കോ-ഓർഡിനേറ്റർമാരുമായി സഹകരിച്ചു ഓഫിസിലും ഫീൽഡിലുമായി പരിശീലനം നേടിവരുന്നു. ഗ്രാമ വികസന സമിതികൾ, എംസിസി, സ്വാശ്രയ സംഘങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ചു COD ഏരിയ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തുകയും, വിവിധ പരിപാടികളിൽ പങ്കെടുത്തു ആവശ്യമായ വിഷയങ്ങളെക്കുറിച്ചു ക്ലാസ്സുകൾ നല്കുകയും ചെയ്തു വരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2024 ഒക്ടോബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chempanoda | 15,000.00 |
| 2 | Erude | 10,000.00 |
| 3 | Kodanchery | 8,000.00 |
| 4 | Kulathuvayal | 15,000.00 |
| 5 | Kulathuvayal | 10,000.00 |
| 6 | Manjeri | 15,000.00 |
| 7 | Poozhithode | 15,000.00 |
| 8 | Puthuppady | 15,000.00 |
| 9 | Thazhekode | 15,000.00 |

**Home**

| | | |
|---|---|---|
| 10 | Chempanoda | 10,000.00 |
| 11 | Chundathumpoil | 10,000.00 |
| 12 | Kakkavayal | 10,000.00 |
| 13 | Kakkavayal | 10,000.00 |
| 14 | Kariyathumpara | 15,000.00 |
| 15 | Kodanchery | 15,000.00 |
| 16 | Koodathai | 10,000.00 |
| 17 | Muthukad | 15,000.00 |
| 18 | Thottumukkam | 10,000.00 |
| 19 | Vadakara | 15,000.00 |

**Marriage**

| | | |
|---|---|---|
| 20 | Koorachundu | 20,000.00 |
| 21 | Manjeri | 30,000.00 |
| 22 | Puthuppady | 20,000.00 |

**Medical**

| | | |
|---|---|---|
| 23 | Cheerattamala | 20,000.00 |
| 24 | Kakkadampoil | 6,000.00 |
| 25 | Kakkavayal | 8,000.00 |
| 26 | Kakkayam | 10,000.00 |
| 27 | Kakkayam | 15,000.00 |
| 28 | Karimbu | 20,000.00 |
| 29 | Kariyathumpara | 10,000.00 |
| 30 | Kattipara | 7,000.00 |
| 31 | Kattipara | 5,000.00 |
| 32 | Kattullamala | 10,000.00 |
| 33 | Koomamkulam | 10,000.00 |
| 34 | Kunduthode | 15,000.00 |
| 35 | Mailellampara | 6,000.00 |
| 36 | Nooramthode | 15,000.00 |
| 37 | Perinthalmanna | 8,000.00 |
| 38 | Pullooorampara | 20,000.00 |
| 39 | Valook | 15,000.00 |
| 40 | Venappara | 10,000.00 |
| 41 | Venappara | 15,000.00 |
| 42 | Venappara | 15,000.00 |
| 43 | Vilangad | 10,000.00 |
| | **Total** | **5,58,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ഒക്ടോബർ**

24 രാവിലെ, തിരുവമ്പാടി തിരുഹൃദയ ദൈവാലയത്തിൽ സി.എം.സി. സന്യാസിനി സമൂഹത്തിന്റെ തിരുവമ്പാടി പ്രവിശ്യയിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഏതാനും സന്യാസിനി മാരുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, വലിയകൊല്ലി ഇടവകയിൽ ക്ലാരിസ്റ്റ് സന്യാസിനി മാരുടെ പുതിയ ഭവനം വെഞ്ചരിച്ച് കപ്പേള കൂദാശ ചെയ്തു.

വൈകുന്നേരം, കൂമംകുളം ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

25 വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ അഖണ്ഡജപമാല യുടെ നൂറാം ദിനത്തിൽ നടത്തിയ ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്തു.

26 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

പുല്ലൂരാംപാറ ബഥാനിയായിൽ അഖണ്ഡജപമാലയുടെ സമാപന ത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.

വൈകുന്നേരം, ചെമ്പുകടവ് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

26 - നവം. 4 ഗൊരഖ്പൂർ എൽ.എസ്.ഡി. സന്യാസിനി സമൂഹത്തിലെ സന്യാസിനികൾക്കായി വാർഷിക ധ്യാനം നടത്തി.

**നവംബർ**

05 രാവിലെ, താമരശ്ശേരി സി.എം.സി. ചാവറ ഭവൻ സന്യാസിനി ഭവനത്തിൽ ബഹു. സി. ജയയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, പെരുവണ്ണാമൂഴി ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

മരുതോങ്കര വൈദികമന്ദിരത്തിൽ വിശ്രമിച്ചു.

06 രാവിലെ, മരുതോങ്കര ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു.

പശുക്കടവ് ഇടവകയിൽ പാവനാത്മ കപ്പുച്ചിൻ പ്രവിശ്യാ സഭാംഗമായ ഡീ. ചാക്കോ തോമസ് അറയ്ക്കപ്പറമ്പിലിന് പൗരോഹിത്യ പട്ടം നല്കി.

വൈകുന്നേരം, കരിങ്ങാട് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

07 രാവിലെ, പാറോപ്പടി ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

താമരശ്ശേരി എപ്പാർക്കിയൽ ട്രൈബ്യൂണലിൽ ശുശ്രൂഷ ചെയ്യുന്നവരുടെ മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, താമരശ്ശേരി മൈനർ സെമിനാരിയിൽ ഹോം ഡേയോട നുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

സീറോമലബാർ സഭയുടെ പെർമനെന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

08 രാവിലെ, മുൻ കേന്ദ്ര മന്ത്രി പ്രകാശ് ജാവേദ്കറിനെ രൂപതാഭവനിൽ സ്വീകരിച്ചു.

കൂടത്തായി ഇടവകയിൽ നിര്യാതയായ, താമരശ്ശേരി രൂപത കോർപറേറ്റ് എഡ്യുക്കേഷൻ അദ്ധ്യാപിക പുതുപ്പള്ളിൽ നിഷയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പി.എം.ഒ.സി. യിൽ വെച്ച് വേനപ്പാറ ക്യാമ്പിന്റെ (CAMP) ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, പി.എം.ഒ.സി.യിൽ പ്രീ-കാനാ കോഴ്സിൽ പങ്കെടു ക്കുന്നവർക്കായി ക്ലാസ്സെടുത്തു.

വൈകുന്നേരം, വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യ ത്തിൽ പ്ലസ് ടൂ വിദ്യാർത്ഥികൾക്കായി പി.എം.ഒ.സി.യിൽ നടന്ന രൂപതാതല പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു.

പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന 'വിശ്വാസ വിഷയങ്ങൾ ഒരു സമഗ്ര പഠനം' എന്ന ഏകവത്സര ഓൺലൈൻ കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ സമാപന സമ്മേളനവും മൂന്നാം ബാച്ചിന്റെ ആരംഭവും ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

09 രാവിലെ, ചക്കിട്ടപാറ ഇടവകയിൽ വി. കുർബ്ബാന അർപ്പിക്കുകയും നവീകരിച്ച സെമിത്തേരി വെഞ്ചരിക്കുകയും ചെയ്തു.

രൂപതാഭവനിൽ താമരശ്ശേരി രൂപത പന്ത്രണ്ടാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, അശോകപുരം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

10 രാവിലെ അശോകപുരം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, കണ്ണൂർ ഹോളി ട്രിനിറ്റി കത്തീഡ്രൽ ദൈവാല യത്തിൽ, കണ്ണൂർ രൂപതയുടെ പുതിയ സഹായ മെത്രാൻ റവ. ഡോ. ഡെന്നീസ്

കുറപ്പശ്ശേരിയുടെ സ്ഥാനാരോഹണ ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം പങ്കെടുത്തു.

11 രാവിലെ, ദേവഗിരി ഇടവകയിൽ ഒരു കുടുംബത്തിലെ ഏഴാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

വെറ്റിലപ്പാറ ഇടവകയിൽ പുതുതായി പ്രവർത്തനമാരംഭിക്കുന്ന പെട്രോൾ പമ്പ് ഉദ്ഘാടനം ചെയ്തു.

ഒറവുംപുറം ഇടവകയിൽ പരേതനായ ജോസഫ് അതിരക്കുളങ്ങരയുടെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

12 രാവിലെ, പാലാ രൂപതയിലെ തുടങ്ങനാട് ഇടവകയിൽ പരേതനായ താമരശ്ശേരി രൂപതാ വൈദികൻ ഫാ. ഫ്രാൻസിസ് കള്ളിക്കാട്ടച്ചന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ശ്രാദ്ധ ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.

12 – 13 ആലപ്പുഴയിൽ, വടവാതൂർ സെമിനാരിയിലെ സഹപാഠികളുടെ സംഗമത്തിൽ പങ്കെടുത്തു.

14 രാവിലെ, തലശ്ശേരി അതിരൂപതയിലെ കോടോപ്പള്ളി ഇടവക ദൈവാലയത്തിൽ താമരശ്ശേരി രൂപത വൈദികനായ ബഹു. ജോസഫ് കാപ്പിൽ അച്ചന്റെ ഓർമ്മദിനത്തിൽ വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.

തലശ്ശേരി അതിരൂപതയിലെ ചാണകക്കുണ്ട് ദൈവാലയത്തിൽ, തലശ്ശേരി അതിരൂപതാംഗമായ ബഹു. ഫാ. ജിയോ പുളിക്കലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, കടലുണ്ടി ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

15 രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി ഭവന കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, അജപാലന സന്ദർശനത്തിന്റെ ഭാഗമായി പുഷ്പഗിരി ഇടവകയിൽ രോഗി സന്ദർശനം നടത്തി.

16 രാവിലെ, തിരുവമ്പാടി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഈസ്റ്റ് ഹിൽ ഇടവകയിൽ ഒരു വിവാഹം ആശിർവദിച്ചു.

പാറോപ്പടി ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് മലബാർ പാലസിൽ വെച്ച് നടന്ന ബിസിനസ് മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, സെന്റ് ജോസഫ്സ് പുല്ലൂരാംപാറ സംഘടിപ്പിക്കുന്ന കോഴിക്കോട് - വയനാട് ജില്ലാതല വടംവലി മത്സരം ഉദ്ഘാടനം ചെയ്തു.

17 രാവിലെ, പുഷ്പഗിരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, മലപ്പുറം ഫൊറോന ദൈവാലയത്തിൽ ബഹു. വികാരി ഫാ. മാത്യു നിരപ്പേൽ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

18 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

മാനന്തവാടി രൂപതയിലെ പൂക്കോട്ടുംപാടം ഇടവക ദൈവാലയത്തിൽ താമരശ്ശേരി രൂപത വൈദികൻ ബഹു. ജെയിംസ് ചേരിക്കൽ അച്ചന്റെ സഹോദരി ഭർത്താവ് പരേതനായ വർഗ്ഗീസ് കോലത്താംവേലിലിന്റെ ഓർമ്മ ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകളിൽ പങ്കെടു ക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, പുതുപ്പാടി ഇടവകയിൽ, താമരശ്ശേരി രൂപത വൈദികൻ ബഹു. ജോസഫ് കൂനാനിക്കൽ അച്ചന്റെ പരേതയായ മാതാവ് ത്രേസ്യാമ്മ കൂനാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

18 - 20 വൈകുന്നേരം, പി.എം.ഒ.സി. യിൽ വെച്ച് നടന്ന ക്ലർജി സെമിനാറിൽ പങ്കെടുത്തു.

20 ചക്കിട്ടപാറ ഇടവകയിൽ ബഹു. നന്ദളത്ത് ജോൺസനച്ചന്റെ സഹോദരന്റെ ജീവിത പങ്കാളി പരേതയായ സെലിൻ നന്ദളത്തിനുവേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 രാവിലെ, മലാപ്പറമ്പ് ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ പ്രവിശ്യഭവൻ കപ്പേളയിൽ സിനാക്സിസിൽ പങ്കെടുത്തവർക്കുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു.

കോടഞ്ചേരി സെന്റ് ജോസഫ്സ് ക്ലോയിസ്റ്റേർഡ് മൊണാസ്ട്രിയിലെ തിരഞ്ഞെടുപ്പിൽ ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി എം.സി.ബി.എസ്. സനാതന മേജർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിക്കുന്ന ബഹു. ഡീക്കന്മാരെ രൂപതാഭവനിൽ സ്വീകരിച്ചു.

കെ.സി.വൈ.എം - എസ്.എം.വൈ.എം. സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്ത് താമരശ്ശേരി രൂപതയെ ഓവറോൾ രണ്ടാം സ്ഥാനത്തിനർഹരാക്കിയ കലാപ്രതിഭകൾക്ക് രൂപതാഭവനിൽ ആദരവ് നൽകുകയും യുവജന സംഗമത്തിന്റെ ലോഗോ പ്രകാശനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, ഈങ്ങാപ്പുഴ പ്രസന്റേഷൻ നോവിഷ്യേറ്റ് ഭവനത്തിൽ പരി.

കന്യകാമറിയത്തിന്റെ സമർപ്പണ തിരുന്നാളിനോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ പങ്കെടുത്തു.

22 രാവിലെ, കടലുണ്ടി ഏൽ-റൂഹാ നവീകരണ കേന്ദ്രത്തിൽ പുതുക്കിപ്പണിത കപ്പേള കൂദാശ ചെയ്തു.

ബഥാനിയ നവീകരണ കേന്ദ്രത്തിൽ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്കായി വി. കുർബ്ബാന അർപ്പിച്ചു.

23 രാവിലെ, നെന്മേനി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, എറണാകുളം മാതാനഗർ ഇടവകയിൽ, താമരശ്ശേരി രൂപ താ വൈദികൻ ബഹു. ജേക്കബ് കുത്തൂർ അച്ചന്റെ മൂത്ത സഹോദരി ലില്ലി ക്കുട്ടി കൂത്തൂരിന്റെ എഴുപതാം ജന്മദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന യർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

24 വൈകുന്നേരം, കൂമ്പാറ ഒ.സി.ഡി. സന്യാസ ഭവന കപ്പേളയിൽ ആശ്രമ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർ പ്പിച്ചു.

25 രാവിലെ, തോട്ടുമുക്കം ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വെറ്റിലപ്പാറ ഇടവകയിൽ, പരേതനായ ജെയിംസ് കീമറ്റത്തിലിന്റെ ഭവന ത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പന്തല്ലൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

കരിമ്പ് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

26 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, കോഴിക്കോട്, ദീപിക സ്ഥാപനത്തിന്റെ 138-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു

27 രാവിലെ, മുള്ളൻകൊല്ലി ഇടവക പള്ളിയിൽ ഒരു വിവാഹം ആശിർവദിച്ചു.

# വിഷയവിവരം

## താമരമൊട്ടുകൾ വാല്യം 26, 2024


| | | | |
|---|---|---|---|
| 1. | **മംഗളാശംസകൾ** | | |
| | പുതുവത്സരാശംസകൾ | 1 | 1 |
| | ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് പ്രാർത്ഥാശംസകൾ | 2 | 77 |
| | നവവൈദികർക്ക് പ്രാർത്ഥനാമംഗളങ്ങൾ | 2 | 78 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ – ജന്മദിനാശംസകൾ | 7 | 461 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ – തിരുന്നാൾ ആശംസകൾ | 10 | 705 |
| | പ്രാർത്ഥനാശംസകൾ | 10 | 706 |
| | പ്രാർത്ഥനാശംസകൾ | 11 | 784 |
| 2. | **ജന്മദിന ആശംസകൾ** | | |
| | ,, | 1 | 3 |
| | ,, | 2 | 79 |
| | ,, | 3 | 175 |
| | ,, | 4 | 251 |
| | ,, | 5 | 311 |
| | ,, | 6 | 383 |
| | ,, | 7 | 463 |
| | ,, | 8 | 543 |
| | ,, | 9 | 639 |
| | ,, | 10 | 707 |
| | ,, | 11 | 787 |
| | ,, | 12 | 855 |
| 3. | **നാമഹേതുകതിരുനാൾ ആശംസകൾ** | | |
| | ,, | 1 | 4 |
| | ,, | 3 | 176 |
| | ,, | 4 | 252 |
| | ,, | 5 | 311 |
| | ,, | 6 | 384 |
| | ,, | 7 | 464 |
| | ,, | 8 | 544 |
| | ,, | 9 | 640 |
| | ,, | 10 | 708 |
| | ,, | 11 | 787 |
| 4. | **സർക്കുലറുകൾ** | | |
| | കർഷകദിനം സർക്കുലർ | 1 | 6 |
| | സർക്കുലർ | 1 | 11 |
| | യുവജനവർഷം – കെ.സി.ബി.സി. സർക്കുലർ | 1 | 15 |
| | തിരുബാലസഖ്യദിനം | 2 | 81 |

| | | | |
|---|---|---|---|
| | മദ്യവിരുദ്ധ ഞായർ - കെ.സി.ബി.സി. സർക്കുലർ | 2 | 93 |
| | ലോകസമാധാനദിന സന്ദേശം - മാർപാപ്പയുടെ സന്ദേശം | 2 | 97 |
| | ലോക രോഗീദിനസന്ദേശം - മാർപ്പാപ്പയുടെ സന്ദേശം | 2 | 114 |
| | ദൈവവിളി 01/2024 | 3 | 178 |
| | യേശുനിധി 02/2024 | 3 | 191 |
| | കുളത്തുവയൽ തീർത്ഥാടനം 03/2024 | 3 | 194 |
| | മെയ്ദിന സന്ദേശം | 4 | 254 |
| | മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി 05/2024 | 5 | 313 |
| | മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം 07/2024 | 6 | 386 |
| | മാധ്യമ ദിനം - മാർപ്പാപ്പയുടെ സന്ദേശം | 6 | 387 |
| | ഫ്രാൻസിസ് മാർപ്പാപ്പ ഇടവക വൈദികർക്ക് നൽകുന്ന കത്ത് | 6 | 397 |
| | പന്തക്കുസ്താ തിരുനാൾ 04/2024 | 6 | 403 |
| | വൈദികരുടെ വാർഷികധ്യാനം 09/2024 | 7 | 467 |
| | അൽഫോൻസ തീർത്ഥാടനം 10/2024 | 7 | 470 |
| | ദൈവദികദിനം - വൈദിക ക്ഷേമനിധി 11/2024 | 7 | 472 |
| | പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പയുടെ പ്രസംഗം | 7 | 476 |
| | വിശ്വാസപരിശീലന വർഷാരംഭം 08/2024 | 7 | 482 |
| | അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി | 8 | 546 |
| | തടവറ പ്രേഷിതദിനം | 8 | 550 |
| | ജസ്റ്റിസ് സൺഡേ | 8 | 556 |
| | മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികം 13/2024 | 8 | 562 |
| | യുവജനദിനം | 8 | 564 |
| | അഖണ്ഡ ജപമാല സമർപ്പണം 12/2024 | 8 | 569 |
| | വിലങ്ങാട് - ദുരിതബാധിതരുടെ പുനരധിവാസം | 9 | 642 |
| | പ്രേഷിതദിനം - ഫ്രാൻസിസ് പാപ്പയുടെ സന്ദേശം | 10 | 710 |
| | സിനഡനന്തര സർക്കുലർ | 10 | 720 |
| | സർക്കുലർ 13/2024 | 12 | 857 |
| | ബൈബിൾ ഞായർ | 12 | 862 |
| | പ്രേഷിതവാരാചരണം | 12 | 866 |
| 5. | **ഇടയലേഖനങ്ങൾ** | | |
| | നോമ്പുകാലം 01/2024 | 2 | 86 |
| | ഇടയലേഖനം - മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ | 3 | 183 |
| 6. | **പ്രോഗ്രാം** | | |
| | ജനുവരി | 1 | 5 |
| | ഫെബ്രുവരി | 2 | 80 |
| | മാർച്ച് | 3 | 177 |
| | ഏപ്രിൽ | 4 | 253 |
| | മെയ് | 5 | 312 |
| | ജൂൺ | 6 | 385 |
| | ജൂലൈ | 7 | 466 |

| | | | |
|---|---|---|---|
| | ആഗസ്റ്റ് | 8 | 545 |
| | സെപ്റ്റംബർ | 9 | 641 |
| | ഒക്ടോബർ | 10 | 709 |
| | നവംബർ | 11 | 788 |
| | ഡിസംബർ | 12 | 856 |
| **7.** | **കച്ചേരിക്കാര്യം** | | |
| | ,, | 1 | 20 |
| | ,, | 2 | 119 |
| | ,, | 3 | 196 |
| | ,, | 4 | 260 |
| | ,, | 5 | 317 |
| | ,, | 6 | 405 |
| | ,, | 7 | 485 |
| | ,, | 8 | 578 |
| | ,, | 9 | 646 |
| | ,, | 10 | 726 |
| | ,, | 11 | 789 |
| | ,, | 12 | 872 |
| **8.** | **പൊതു അറിയിപ്പുകൾ** | | |
| | വി. കുർബാനയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 2 | 124 |
| | ശതാബ്ദി നിറവിൽ PDDM സന്യാസ സമൂഹം | 4 | 265 |
| | അസംബ്ലി വിജയത്തിനായുള്ള പ്രാർത്ഥന | 5 | 316 |
| | ബൈബിൾ പഠനത്തിന് അവസരം-സന്തോം സ്റ്റഡി സെന്റർ | 5 | 338 |
| | നവ സന്യാസിനമാർക്ക് ആശംസകൾ | 6 | 423 |
| | നാൽപതു മണി ആരാധന | 9 | 649 |
| **9.** | **ആദരാഞ്ജലികൾ** | | |
| | **വൈദികർ** | | |
| | മോൺ. ആന്റണി കൊഴുവനാൽ | 1 | 24 |
| | ഫാ. ജോർജ് ആശാരിപറമ്പിൽ | 5 | 324 |
| | ഫാ. മാത്യു മാവേലി | 6 | 409 |
| | ഫാ. സെബാസ്റ്റ്യൻ പൂക്കുളം | 7 | 490 |
| | ഫാ. മാത്യു ഒണയാത്തൻകുഴി | 9 | 650 |
| | ഫാ. ജോസഫ് കാപ്പിൽ | 11 | 792 |
| | **സിസ്റ്റേഴ്സ്** | | |
| | സി. സിസിലി ജോസ് സി.എം.സി. | 1 | 28 |
| | സി. ജാകിലിൻ മേരി സി.എം.സി. | 1 | 29 |
| | സി. ഹെലൻ സി.എം.സി. | 3 | 203 |
| | സി. മേഴ്സി എസ്.എച്ച്. | 3 | 204 |
| | സി. സിജി മാത്യു മണ്ഡപത്തിൽ ഡി.പി.എം.റ്റി. | 5 | 329 |
| | സി. ഇഗ്നേഷ്യസ് എം.എസ്.എം.ഐ. | 5 | 330 |

| | | | |
|---|---|---|---|
| | സി. ഹെന്റി സൂസോ എഫ്.സി.സി. | 8 | 583 |
| | സി. അൽബീന എം.എസ്.ജെ. | 9 | 652 |
| | സി. സിറിയക് മുപ്പതിയിൽ എം.സി.ബി.എസ്. | 9 | 652 |
| | സി. റോസ് മേരി സി.എം.സി. | 9 | 652 |
| | സി. മേരി ഫിലമിൻ പൊട്ടനാനിക്കൽ എസ്.എച്ച്. | 10 | 730 |
| | സി. ലിസ്സി ഇളംതുരുത്തിയിൽഎഫ്.സി.സി. | 10 | 730 |
| **10.** | **റിപ്പോർട്ടുകൾ** | | |
| | മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട് | 6 | 411 |
| | പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് | 11 | 797 |
| **11.** | **റൂബി ജൂബിലി** | 3 | 201 |
| | ,, | 5 | 326 |
| | ,, | 7 | 493 |
| | ,, – ഡിജിറ്റലൈസേഷൻ ഓഫ് ഡയോസിസ് | 5 | 326 |
| | ,, ,, | 7 | 525 |
| | ,, ,, | 11 | 803 |
| | ,, – പോപ്പുലർ മിഷൻ ധ്യാനം | 12 | 876 |
| **12.** | **സെമിനാരി വാർത്തകൾ** | | |
| | ,, | 1 | 40 |
| | ,, | 2 | 142 |
| | ,, | 3 | 210 |
| | ,, | 4 | 272 |
| | ,, | 6 | 420 |
| | ,, | 7 | 503 |
| | ,, | 8 | 591 |
| | ,, | 9 | 661 |
| | ,, | 10 | 739 |
| | ,, | 11 | 815 |
| **13.** | **വെക്കേഷൻ ബ്യൂറോ** | | |
| | ,, | 3 | 202 |
| | ,, | 11 | 811 |
| | ,, | 12 | 885 |
| **14.** | **അൾത്താര സംഘടന (SMART)** | 3 | 207 |
| | ,, | 5 | 340 |
| | ,, | 4 | 270 |
| | ,, | 5 | 340 |
| | ,, | 7 | 498 |
| | ,, | 10 | 738 |
| | ,, | 11 | 812 |
| | ,, | 12 | 886 |

| | | | |
|---|---|---|---|
| 15. | വിശ്വാസപരിശീലനം | | |
| | ,, | 1 | 31 |
| | ,, | 2 | 135 |
| | ,, | 3 | 205 |
| | ,, | 4 | 266 |
| | ,, | 5 | 331 |
| | ,, | 6 | 415 |
| | ,, | 7 | 494 |
| | ,, | 8 | 585 |
| | ,, | 9 | 653 |
| | ,, | 10 | 731 |
| | ,, | 11 | 807 |
| | ,, | 12 | 878 |
| 16. | ചെറുപുഷ്പ മിഷൻലീഗ് | | |
| | ,, | 1 | 35 |
| | ,, | 2 | 143 |
| | ,, | 3 | 212 |
| | ,, | 4 | 273 |
| | ,, | 5 | 341 |
| | ,, | 6 | 424 |
| | ,, | 7 | 506 |
| | ,, | 8 | 892 |
| | ,, | 9 | 662 |
| | ,, | 10 | 741 |
| | ,, | 11 | 817 |
| | ,, | 12 | 888 |
| 17. | തിരുബാലസഖ്യം | 1 | 37 |
| | ,, | 3 | 214 |
| | ,, | 4 | 276 |
| | ,, | 7 | 510 |
| | ,, | 8 | 595 |
| | ,, | 9 | 665 |
| | ,, | 10 | 744 |
| 18. | കെ.സി.വൈ.എം. – എസ്.എം.വൈ.എം. | | |
| | ,, | 1 | 51 |
| | ,, | 2 | 152 |
| | ,, | 3 | 228 |
| | ,, | 4 | 285 |
| | ,, | 5 | 352 |
| | ,, | 6 | 442 |

| | | |
|---|---|---|
| ,, | 7 | 519 |
| ,, | 8 | 605 |
| ,, | 9 | 683 |
| ,, | 10 | 763 |
| ,, | 11 | 833 |
| ,, | 12 | 898 |
| 19. ബൈബിൾ അപ്പോസ്തോലേറ്റ് | 6 | 419 |
| ,, | 7 | 500 |
| ,, | 11 | 813 |
| 20. ഫാമിലി അപ്പോസ്തോലേറ്റ് | | |
| ,, | 1 | 35 |
| ,, | 10 | 757 |
| ,, | 11 | 829 |
| ,, | 12 | 897 |
| 21. കുടുംബകൂട്ടായ്മ | 10 | 758 |
| ,, | 11 | 830 |
| 22. പാലിയേറ്റീവ് & ജെറിയാട്രിക് കെയർ | 10 | 759 |
| ,, | 11 | 832 |
| 23. മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 1 | 46 |
| ,, | 4 | 293 |
| ,, | 5 | 362 |
| ,, | 7 | 529 |
| ,, | 8 | 602 |
| ,, | 9 | 680 |
| ,, | 10 | 762 |
| ,, | 11 | 838 |
| ,, | 12 | 901 |
| 24. മാതൃവേദി | | |
| ,, | 3 | 237 |
| ,, | 10 | 760 |
| 25. കത്തോലിക്കാ കോൺഗ്രസ്സ് | | |
| ,, | 1 | 56 |
| ,, | 3 | 214 |
| ,, | 5 | 358 |
| ,, | 8 | 610 |
| 26 കരുണാഭവൻ | 7 | 502 |
| ,, | 8 | 601 |
| ,, | 9 | 675 |
| ,, | 10 | 757 |

| | | |
|---|---|---|
| ,, | 11 | 829 |
| 27. കമ്യൂണിക്കേഷൻ മീഡിയ | 7 | 518 |
| ,, | 10 | 766 |
| ,, | 11 | 639 |
| 28. ജീസസ് യൂത്ത് | 6 | 449 |
| ,, | 7 | 527 |
| ,, | 8 | 624 |
| ,, | 9 | 689 |
| ,, | 10 | 769 |
| ,, | 11 | 842 |
| 29. മദ്യവിരുദ്ധസമിതി | 8 | 619 |
| ,, | 9 | 679 |
| ,, | 11 | 836 |
| 30. ഇൻഫാം | 1 | 48 |
| ,, | 5 | 361 |
| ,, | 7 | 528 |
| ,, | 9 | 681 |
| ,, | 10 | 763 |
| ,, | 12 | 902 |
| 31. യൂദിത്ത് ഫോറം | 1 | 50 |
| ,, | 4 | 294 |
| ,, | 5 | 363 |
| 32. ലിറ്റർജി കമ്മീഷൻ | | |
| ,, | 1 | 38 |
| ,, | 2 | 141 |
| ,, | 3 | 208 |
| ,, | 4 | 271 |
| ,, | 5 | 337 |
| ,, | 7 | 499 |
| ,, | 8 | 590 |
| ,, | 9 | 658 |
| ,, | 10 | 736 |
| ,, | 12 | 883 |
| 33. പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | | |
| ,, | 1 | 44 |
| ,, | 2 | 151 |
| ,, | 3 | 225 |
| ,, | 4 | 284 |
| ,, | 5 | 350 |
| ,, | 6 | 431 |

| | | |
|---|---|---|
| ,, | 7 | 512 |
| ,, | 8 | 597 |
| ,, | 9 | 668 |
| ,, | 10 | 748 |
| ,, | 11 | 822 |
| ,, | 12 | 896 |
| 34. പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 10 | 749 |
| ,, | 11 | 824 |
| 35. കരിസ്മാറ്റിക് മൂവ്മെന്റ് | 8 | 620 |
| ,, | 9 | 686 |
| ,, | 10 | 767 |
| ,, | 11 | 840 |
| ,, | 12 | 905 |
| 36. ക്രിസ്റ്റീൻ മിനിസ്ട്രി | 8 | 622 |
| ,, | 12 | 907 |
| 37. ആൽഫ മരിയ അക്കാദമി | | |
| ,, | 3 | 222 |
| ,, | 4 | 282 |
| ,, | 5 | 351 |
| ,, | 6 | 427 |
| ,, | 8 | 596 |
| ,, | 11 | 825 |
| 38. സ്റ്റാർട്ട് | | |
| ,, | 2 | 144 |
| ,, | 3 | 219 |
| ,, | 4 | 277 |
| ,, | 5 | 346 |
| ,, | 6 | 433 |
| ,, | 7 | 514 |
| ,, | 8 | 598 |
| ,, | 9 | 670 |
| ,, | 10 | 751 |
| ,, | 11 | 826 |
| 39. എയ്ഡർ എഡ്യൂക്കെയർ | 1 | 45 |
| ,, | 3 | 226 |
| ,, | 7 | 516 |
| ,, | 8 | 600 |
| ,, | 9 | 673 |
| ,, | 10 | 755 |
| ,, | 11 | 828 |

| | | |
|---|---|---|
| 40. കരിസ്മാറ്റിക് മൂവ്മെന്റ് | | |
| ,, | 1 | 61 |
| ,, | 2 | 157 |
| ,, | 4 | 296 |
| ,, | 5 | 366 |
| ,, | 12 | 905 |
| 41. ബഥാനിയ വാർത്തകൾ | | |
| ,, | 2 | 158 |
| ,, | 3 | 239 |
| ,, | 4 | 297 |
| ,, | 5 | 367 |
| ,, | 6 | 450 |
| ,, | 7 | 533 |
| ,, | 8 | 625 |
| ,, | 9 | 690 |
| ,, | 10 | 770 |
| ,, | 11 | 843 |
| ,, | 12 | 908 |
| 42. അൽഫോൻസ കോളേജ് | | |
| ,, | 2 | 146 |
| ,, | 3 | 216 |
| ,, | 6 | 437 |
| ,, | 9 | 676 |
| 43. വിൻസെന്റ് ഡി പോൾ സൊസൈറ്റി | 1 | 60 |
| ,, | 2 | 156 |
| ,, | 3 | 236 |
| ,, | 4 | 294 |
| ,, | 5 | 364 |
| ,, | 7 | 532 |
| 44. വിദ്യാഭ്യാസം | | |
| ,, | 1 | 41 |
| ,, | 2 | 148 |
| ,, | 3 | 222 |
| ,, | 5 | 343 |
| ,, | 6 | 428 |
| ,, | 9 | 666 |
| ,, | 10 | 745 |
| ,, | 11 | 821 |
| ,, | 12 | 891 |

| | | | |
|---|---|---|---|
| 45. വികസനവേദി | | | |
| | ,, | 1 | 65 |
| | ,, | 2 | 162 |
| | ,, | 3 | 241 |
| | ,, | 4 | 300 |
| | ,, | 5 | 370 |
| | ,, | 6 | 452 |
| | ,, | 7 | 536 |
| | ,, | 8 | 628 |
| | ,, | 9 | 696 |
| | ,, | 10 | 774 |
| | ,, | 11 | 848 |
| | ,, | 12 | 911 |
| 46. ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (എൽ.ഡി.എസ്) | | 1 | 160 |
| | ,, | 9 | 693 |
| | ,, | 10 | 773 |
| | ,, | 11 | 847 |
| 47. യേശുനിധി | | | |
| | ,, | 1 | 68 |
| | ,, | 2 | 165 |
| | ,, | 3 | 244 |
| | ,, | 4 | 303 |
| | ,, | 5 | 374 |
| | ,, | 6 | 454 |
| | ,, | 7 | 539 |
| | ,, | 8 | 631 |
| | ,, | 9 | 698 |
| | ,, | 10 | 777 |
| | ,, | 11 | 851 |
| | ,, | 12 | 914 |
| 48. അജപാലനക്കുറിപ്പുകൾ | | | |
| | ,, | 1 | 69 |
| | ,, | 2 | 166 |
| | ,, | 3 | 245 |
| | ,, | 4 | 304 |
| | ,, | 5 | 375 |
| | ,, | 6 | 455 |
| | ,, | 7 | 540 |
| | ,, | 8 | 632 |
| | ,, | 9 | 699 |
| | ,, | 10 | 778 |
| | ,, | 12 | 915 |



## SOLEMNITY OF THE IMMACULATE CONCEPTION OF THE BLESSED VIRGIN MARY



**POPE FRANCIS - 8 December 2022**

Today the Word of God teaches us another important thing: that to safeguard our beauty demands a cost, it demands a struggle. Indeed, the Gospel shows us the courage of Mary who said “Yes” to God, who chose the risk of God; and the passage from Genesis, on original sin, speaks to us of a battle against the tempter and his temptations (cf. Gen 3:15). But we know this from experience too, all of us: it takes effort to choose good, it costs us; it takes effort to safeguard the good that is in us. Think of how many times we have squandered it by giving in to the lure of evil, being crafty for our own interests or doing something that would defile our hearts; or even wasting time in useless or harmful things, putting off prayer, for example, and saying “Today I can’t”, or saying “I can’t” to those who have needed us, when instead we could have.

“But today, faced with all this, we have good news: Mary, the only human being in history without sin, is with us in the battle, she is our sister and, above all, our Mother. And we, who struggle to choose good, can entrust ourselves to her. By entrusting ourselves, consecrating ourselves to Mary, we say to her: “Take me by the hand, Mother, guide me: with you I will have more strength in the battle against evil; with you I will rediscover my original beauty”. Let us entrust ourselves to Mary today, let us entrust ourselves to Mary every day, repeating to her: “Mary, I entrust my life to you, I entrust my family, my work, I entrust my heart and my struggles. I consecrate myself to you”. May Mary Immaculate help us to safeguard our beauty from evil.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-11-2024 |




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 12, December 2024, Pages 80.